# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ.ടിഎസ്ആർ./(പി16)1831/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 16/12/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ.ടിഎസ്ആർ./(പി16)1831/2023 തീയ്യതി: 16/12/2023

## തൃശ്ശൂർ ജില്ലയിലെ വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 29-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു പി.എസ് . | ഡെപ്യൂട്ടി ഡയറക്ടർ | 30-10-2023 | 06-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 30-10-2023 | 06-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. സബിത.എസ്., ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീ. സുനിൽ.പി.ബി. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. ദിവ്യ എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സ്വാലിഹ്.സി.പി,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷെയ്ക്ക് അബ്ദുൾഖാദർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| എൻ എം ഷെരീഫ് | സെക്രട്ടറി | 01-04-2022 | 29-08-2022 |
| ജമീല എം എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 30-08-2022 | 16-10-2022 |

| | | | |
|---|---|---|---|
| സുഭാഷ് പി ബി | സെക്രട്ടറി | 17-10-2022 | 01-12-2022 |
| ജമീല എം എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-12-2022 | 05-01-2023 |
| ഹരിനാരായണൻ ഇ എൻ | സെക്രട്ടറി | 06-01-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ജമീല എം എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| അജി കെ.എ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| പ്രിയ ആർ ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ.ലത വി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഉഷ സല്യൂജ പി വി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| അബ്ദുൾഷക്കൂർ പി | വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| മോഹനൻ | പ്രധാന അദ്ധ്യാപകൻ | 01-04-2022 | 31-03-2023 |
| വിനയ് കെ പ്രേമൻ | വി ഇ ഒ (ചെറുതുരുത്തി സർക്കിൾ) | 01-04-2022 | 18-10-2022 |
| സെക്കീന ഇ പി | വി ഇ ഒ (ചെറുതുരുത്തി സർക്കിൾ) | 19-10-2022 | 18-11-2022 |
| വിനയ് കെ പ്രേമൻ | വി ഇ ഒ (ചെറുതുരുത്തി സർക്കിൾ) | 19-11-2022 | 01-02-2023 |
| സെക്കീന ഇ പി | വി ഇ ഒ (ചെറുതുരുത്തി സർക്കിൾ) | 02-02-2023 | 31-03-2023 |
| വിനയ് കെ പ്രേമൻ | വി ഇ ഒ (നെടുമ്പുര സർക്കിൾ) | 01-04-2022 | 18-10-2022 |
| ജാസിറ എം | വി ഇ ഒ (നെടുമ്പുര സർക്കിൾ) | 19-10-2022 | 18-11-2023 |
| വിനയ് കെ പ്രേമൻ | വി ഇ ഒ (നെടുമ്പുര സർക്കിൾ) | 19-11-2022 | 01-02-2023 |
| രഞ്ജിത്ത് റഫേൽ | വി ഇ ഒ (നെടുമ്പുര സർക്കിൾ) | 02-02-2023 | 31-03-2023 |
| സിജി ആർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 02-08-2022 |
| പ്രീനു | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 03-08-2022 | 25-08-2022 |
| രതി ആർ മേനോൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 26-08-2022 | 31-03-2023 |
| ഗിനിഗ പി. ജി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-05-2022 |
| അനില പി ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-06-2022 | 26-11-2022 |
| ജിഷ കെ ജി | ഡയറി ഫാം ഇൻസ്ട്രക്ടർ | 27-11-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആകെ ആസ്തികളുടെയും ബാധ്യതകളുടെയും മൂല്യം പൊരുത്തപ്പെട്ടുന്നില്ല. | 1-1-1 |
| 3 | ട്രയൽ ബാലൻസ് പ്രകാരമുള്ള ആസ്തി നീക്കിയിരിപ്പ് ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടുന്നില്ല. | 1-1-2 |
| 4 | മുൻ വർഷത്തെ ബാങ്ക് നീക്കിയിരുപ്പ് തുക തൻവർഷത്തേതുമായി പൊരുത്തപ്പെട്ടുന്നില്ല. | 1-1-3 |
| 5 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1-4 |
| 6 | Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി. | 1-1-5 |
| 7 | Capital Contribution ശീർഷകത്തിലേക്ക് തുക മാറ്റിയിട്ടില്ല. | 1-1-6 |
| 8 | കുടിശ്ശിക തുകക്ക് അനുസൃതമായി പ്രൊവിഷൻ രേഖപെടുത്തിയിട്ടില്ല | 1-1-7 |
| 9 | ഡിപ്രിസിയേഷൻ രേഖപെടുത്തിയതിലെ അപാകങ്ങൾ | 1-1-8 |
| 10 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെട്ടുന്നില്ല | 1-1-9 |
| 11 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-10 |
| 12 | തൊഴിലുറപ്പ്പദ്ധതി - ചെലവ് തെറ്റായ ശീർഷകത്തിൽ ബുക്ക് ചെയ്തു. | 1-1-11 |
| 13 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല | 1-1-12 |
| 14 | ചെക്ക് നിക്ഷേപിച്ചു - ബാങ്കിൽ ക്രെഡിറ്റ് ആയില്ല | 1-1-13 |
| 15 | വസ്തു നികുതി -വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെട്ടുന്നില്ല | 1-1-14 |
| 16 | വരവ് രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെട്ടുന്നില്ല. | 1-1-15 |
| 17 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-16 |
| 18 | രജിസ്റ്ററുകളിലെ രേഖപെടുത്തലുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെട്ടുന്നില്ല | 1-1-17 |
| 19 | ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല | 1-1-18 |
| 20 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-19 |
| 21 | ബജറ്റ് | 1-2 |
| 22 | ഫണ്ട് വിനിയോഗം | 1-3 |
| 23 | പദ്ധതി അവലോകനം | 1-4 |
| 24 | തൊഴിലുറപ്പ് പദ്ധതി | 1-5 |

| | | |
|---|---|---|
| 25 | ക്ഷേമപദ്ധതികൾ | 1-6 |
| 26 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 27 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-8 |
| 28 | നികുതി-നികുതിയേതര വരവുകൾ-അവലോകനം | 1-9 |
| 29 | രസീത് പരിശോധന-അപാകതകൾ | 1-10 |
| 30 | കുറഞ്ഞ വസ്തുനികുതി ഈടാക്കി | 1-11 |
| 31 | ഡേറ്റാപ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല | 1-12 |
| 32 | കടമുറികൾ ഒഴിഞ്ഞു കിടക്കുന്നത് വരുമാനശോഷണത്തിന് ഇടയാക്കുന്നു | 1-13 |
| 33 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-14 |
| 34 | തൊഴിൽ നികുതി കൃത്യസമയത്ത് ഈടാക്കേണ്ടതാണ് | 1-15 |
| 35 | തെരുവ് വിളക്ക് വൈദ്യുതിചാർജ്ജ്-അപാകങ്ങൾ | 1-16 |
| 36 | അതിഥിമന്ദിരം-ബൈലോ ലഭ്യമാക്കിയില്ല | 1-17 |
| 37 | സാമൂഹ്യ സുരക്ഷാ പെൻഷൻ- അപാകതകൾ | 1-18 |
| 38 | തെരുവു വിളക്ക് പരിപാലനത്തിലെ അപാകങ്ങൾ | 1-19 |
| 39 | വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റി സ്ഥാപിയ്ക്കൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. | 1-20 |
| 40 | വിനിയോഗ സാക്ഷ്യപത്രം /പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-21 |
| 41 | ബയോഗ്യാസ് പ്ലാന്റ് റിപ്പയറിംഗ് നടത്തിയെങ്കിലും നിലവിൽ പ്രവർത്തിയ്ക്കുന്നില്ല. | 1-22 |
| 42 | ജനകീയ ഹോട്ടലിലേയ്ക്ക് മേശയും കസേരയും വാങ്ങി നല്കൽ | 1-23 |
| 43 | വാട്ടർ എ റ്റി എം-പരിപാലനം | 1-24 |
| 44 | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നു വാങ്ങൽ | 1-25 |
| 45 | കന്നുകുട്ടി പരിപാലനം വിനിയോഗ സാക്ഷ്യപത്രം | 1-26 |
| 46 | അങ്കണവാടി പോഷകാഹാര പരിപാടി -ജി എസ് റ്റി ടി.ഡി.എസ്. ഈടാക്കിയില്ല | 1-27 |
| 47 | മരുന്നു വാങ്ങുന്നതിനായുള്ള പ്രോജക്ടുകളിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഴുവൻ മരുന്നും വിതരണം ചെയ്തിട്ടില്ല | 1-28 |
| 48 | പൊതുവിഭാഗത്തിലെ മെൻസ്ട്രുവൽ കപ്പ് - മെൻസ്ട്രുവൽ കപ്പ് മുഴുവനും വിതരണം ചെയ്തിട്ടില്ല | 1-29 |
| 49 | മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനം - ചെലവുകണക്കുകൾ ഹാജരാക്കിയില്ല | 1-30 |
| 50 | സാനിറ്ററി ടോയ്‌ലറ്റ് - ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചില്ല | 1-31 |
| 51 | പി.എം.എ.വൈ. വിഹിതം നല്കൽ (ജനറൽ) തുക കൈപ്പറ്റിയതിന്റെ രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല | 1-32 |
| 52 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകൾ സംബന്ധിച്ച പൊതു അപാകതകൾ | 1-33 |
| 53 | കുടിവെള്ള പദ്ധതികൾ - ഗുണഭോക്തൃസമിതിക്ക് കൈമാറിയതിന്റെ രേഖകൾ ഹാജരാക്കിയില്ല | 1-34 |
| 54 | ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികളുടെ പ്രവർത്തനം | 1-35 |
| 55 | ഒരേ സ്പെസിഫിക്കേഷനിലുള്ള ഇലക്ട്രിക്ക് മോട്ടോറിന്റെ വില ഒബ്സർവ്ഡ് വാല്യൂആയി കണക്കാക്കിയപ്പോൾ വ്യത്യസ്ത നിരക്ക് നല്കി | 1-36 |

| | | |
|---|---|---|
| 56 | കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-37 |
| 57 | ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയില്ല | 1-38 |
| 58 | പ്രോജക്ടുകളുടെ തുടർ പ്രവർത്തനം അറിയിക്കേണ്ടതാണ്. | 1-39 |
| 59 | മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി - സിമന്റ്, ക്വാറി വേയ്സ്റ്റ് എന്നിവയ്ക്ക് മാർക്കറ്റ് നിരക്കിനേക്കാൾ അധിക തുക നല്കി | 1-40 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയില്ല | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 23.06.2023 ലെ 1 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 23.06.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2 .C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : തൃശ്ശൂർ

തീയതി: 16.12.2023

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആകെ ആസ്തികളുടെയും ബാധ്യതകളുടെയും മൂല്യം പൊരുത്തപ്പെടുന്നില്ല.

ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ള 2022-23 വർഷത്തെ ബാലൻസ് ഷീറ്റ് സംക്ഷിപ്തത്തിലെ രേഖപെടുത്തലുകൾ പ്രകാരമുള്ള ആസ്തികളുടെയും പഞ്ചായത്ത് ഫണ്ട് ഉൾപ്പടെയുള്ള ബാധ്യതകളുടെയും മൂല്യം താഴെ കൊടുക്കുന്നു.

| Code No | Description Of Items | Schedule No. | Current Year Amount (Rs.) |
|---|---|---|---|
| 310000000 | Panchayat (General) Fund | B-1 | -4,34,59,949.45 |
| 311000000 | Earmarked Funds | B-2 | 36,255.00 |
| 312000000 | Reserves | B-3 | 16,93,99,103.00 |
| 320000000 | Grants, Funds And Contributions For Specific Purposes | B-4 | 55,55,636.00 |
| 330000000 | Secured Loans | B-5 | 2,87,08,791.00 |
| 331000000 | Unsecured Loans | B-6 | 0.00 |
| 340000000 | Deposits Received | B-7 | 46,36,719.00 |
| 341000000 | Deposit Works | B-8 | 0.00 |
| 350000000 | Other Liabilities | B-9 | 60,29,843.90 |
| 360000000 | Provisions | B-10 | 0.00 |
| | Total : | | 17,09,06,398.45 |
| 410000000 | Fixed Assets | B-11 | 9,17,375.00 |
| 412000000 | Capital Work-in-Progress | B-11(b) | 9,31,050.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 24,77,834.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 6,94,86,886.00 |
| 415000000 | Annual Plan - Capital Expences (Infrastructure | B11-(e) | 13,40,24,726.00 |

| | | | |
|---|---|---|---|
| | Sector) | | |
| 416000000 | Accumulated Depreciation | B-11(a) | -5,65,74,483.00 |
| 420000000 | Investment -General Fund | B-12 | 10,010.00 |
| 421000000 | Sundry Debtors # | B-13 | 0.00 |
| 430000000 | Stock In Hand (Inventories) | B-14 | 79,269.00 |
| 431000000 | Sundry Debtors (Receivables) | B-15 | 16,45,462.00 |
| 432000000 | Accumulated Provision Against Bad And Doubtful (Receivables) | B-15(a) | 0.00 |
| 440000000 | Pre-paid Expenses | B-16 | 0.00 |
| 450000000 | Cash And Bank Balance | B-17 | 95,82,743.45 |
| 460000000 | Loans, Advances And Deposits | B-18 | 53,52,516.00 |
| 461000000 | Accumulated Provision Against Loans, Advances And Deposits | B-18(a) | 0.00 |
| 470000000 | Other Assets | B-19 | 0.00 |
| 480000000 | Miscellaneous Expenditure To Be Written Off | B-20 | 0.00 |
| | Total : | | 16,79,33,388.45 |

അതായത് പഞ്ചായത്ത് ഫണ്ടും (ക്യാപിറ്റൽ ഫണ്ട് ) പഞ്ചായത്തിന്റെ മറ്റു ബാധ്യതകളും ഉൾപ്പെടയുള്ള ആകെ ബാധ്യതകളുടെ തുകയും പഞ്ചായത്തിന്റെ ആകെ ആസ്തികളുടെ തുകയും തമ്മിൽ 29,73,010 രൂപയുടെ വ്യത്യാസമുണ്ട്.അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് തത്വങ്ങൾ (Asset= Liability + Capital) പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.കൂടാതെ ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ള ബാലൻസ് ഷീറ്റ് ഷെഡ്യൂളിൽ പഞ്ചായത്ത് ഫണ്ടും (ക്യാപിറ്റൽ ഫണ്ട് ) പഞ്ചായത്തിന്റെ മറ്റു ബാധ്യതകളും ഉൾപ്പെടയുള്ള ആകെ

ബാധ്യതകളുടെയും പഞ്ചായത്തിന്റെ ആകെ ആസ്തികളുടെയും മൂല്യമായി രേഖപ്പെടുത്തിയിട്ടുള്ളത് 17,09,06,398.45 രൂപയാണ്.യഥാർത്ഥത്തിൽ പ്രസ്തുത തുകകൾ തമ്മിൽ മേൽ പട്ടികയിൽ പരാമർശിച്ച പ്രകാരം 29,73,010 രൂപയുടെ വ്യത്യാസമുണ്ടെന്നിരിക്കെ ഇപ്രകാരം തെറ്റായ ആസ്തി മൂല്യം ബാലൻസ് ഷീറ്റ് ഷെഡ്യൂളിൽ രേഖപെടുത്തിയതിനുള്ള കാരണം വ്യക്തമല്ല. തത്തുല്യമായ തുകകൾ ഡെബിറ്റ് സൈഡിലും ക്രെഡിറ്റ് സൈഡിലും രേഖപ്പെടുത്താതെ ഒരു ഇടപാടിന്റെ എൻട്രി സോഫ്റ്റ്‌വെയറിൽ സേവ് ചെയ്യപ്പെടില്ല എന്നിരിക്കെ ബാലൻസ് ഷീറ്റിലെ തുകകൾ തമ്മിൽ ഇത്തരത്തിൽ വ്യത്യാസം വന്നതിനുള്ള കാരണം ഐ കെ എം മുമായി ബന്ധപ്പെട്ട് കണ്ടെത്തേണ്ടതും ബാലൻസ് ഷീറ്റിലെ അപാകത പരിഹരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 18/4.11.2023)

## 1-1-2 ട്രയൽ ബാലൻസ് പ്രകാരമുള്ള ആസ്തി നീക്കിയിരിപ്പ് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുന്നില്ല.

2021-22 വർഷത്തെ ട്രയൽ ബാലൻസ് പ്രകാരം 431910201 - Outdoor Collection Control Account എന്ന ശീർഷകത്തിൽ 31.3.2022 തീയതിയിൽ 3035/- രൂപയുടെ ക്രെഡിറ്റ് നീക്കിയിരിപ്പുണ്ട്.2022-23 വർഷത്തെ ട്രയൽ ബാലൻസ് പ്രകാരം മേൽ ശീർഷകത്തിൽ 1.4.2022 തീയതിയിൽ 3035/- രൂപയുടെ ക്രെഡിറ്റ് മുന്നിരിപ്പും 31.3.2023 തീയതിയിൽ 3035/- രൂപയുടെ ക്രെഡിറ്റ് നീക്കിയിരിപ്പുമുണ്ട്. എന്നാൽ 2021-22 ,2022-23 എന്നീ വർഷങ്ങളിലെ ബാലൻസ് ഷീറ്റുകളിൽ പ്രസ്തുത ശീർഷകത്തിൽ നീക്കിയിരിപ്പൊന്നും രേഖപ്പെടുത്തിയിട്ടില്ല. 2021-22 വർഷത്തെ മേൽ ശീർഷകത്തിലെ നീക്കിയിരുപ്പ് തുക പ്രസ്തുത വർഷത്തെ ബാലൻസ് ഷീറ്റ് തയ്യാറാക്കുമ്പോൾ 310900101 – Excess Of Income Over Expenditure എന്ന ശീർഷകത്തിലേക്ക് ക്രമീകരിച്ചിട്ടുണ്ടെങ്കിലും ആയത് ജേർണൽ വൗച്ചർ മുഖേന ചെയ്യാത്തതിനാലാണ് ഇപ്രകാരം 2022-23 വർഷത്തെ ട്രയൽ ബാലൻസിൽ പ്രസ്തുത തുക മുന്നിരിപ്പായും നീക്കിയിരിപ്പായും വന്നിട്ടുള്ളത്. ഐ കെ എം മുമായി ബന്ധപ്പെട്ട് ട്രയൽ ബാൻലൻസിലെ അപാകത പരിഹരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 18/4.11.2023)

## 1-1-3 മുൻ വർഷത്തെ ബാങ്ക് നീക്കിയിരുപ്പ് തുക തൻവർഷത്തേതുമായി പൊരുത്തപ്പെടുന്നില്ല.

2021-22 വർഷത്തെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-17) റസീറ്റ് & പേയ്മെന്റ് അക്കൗണ്ട് (ഷെഡ്യൂൾ RP 40b ) എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പ് തുകകളും തൻവർഷത്തെ റസീറ്റ് & പേയ്മെന്റ് അക്കൗണ്ട് (ഷെഡ്യൂൾ RP 40a) പ്രകാരമുള്ള മുന്നിരിപ്പ് തുകകളും തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

.

| ഇനം | 2021-22 ബാലൻസ് ഷീറ്റ്/ റസീറ്റ് & പേയ്മെന്റ് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പ് | 2022-23 വർഷത്തെ റസീറ്റ് & പേയ്മെന്റ് അക്കൗണ്ട് പ്രകാരമുള്ള മുന്നിരിപ്പ് | വ്യത്യാസം |
|---|---|---|---|

| | | | |
|---|---|---|---|
| 450210101 State Bank Of Travancore-( 67075779569) | 368205 | 358503 | 9702 |
| 450210101 Nationalised Bank Account Of Own Revenue Fund | (-)9702 | 0 | (-)9702 |

2021-22 വർഷത്തെ വാർഷിക കണക്കിന്റെ ഓഡിറ്റിന് ശേഷം 2022-23 വർഷത്തെ വാർഷിക കണക്ക് തയ്യാറാക്കുമ്പോൾ കണക്കുകളിൽ മാറ്റം വരുത്തിയതായി മേൽപട്ടികയിൽ നിന്ന് വ്യക്തമാണ്. 2020 ൽ NPS ന്റെ പഞ്ചായത്ത് വിഹിതം അടവാക്കിയ തുക ഒരു ബാങ്കിലും വരാത്ത സാഹചര്യത്തിൽ അക്കൗണ്ടുകളിലെ ബാലൻസ് തുക ശരിയാക്കുന്നതിനായി ഐ കെ എം ഇൽ പരാതി രജിസ്റ്റർ ചെയ്തത് പ്രകാരമാണ് ഇത്തരത്തിൽ സംഭവിച്ചതെന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 18/4.11.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 2022-23 വർഷത്തെ വാർഷിക കണക്ക് തയ്യാറാക്കുമ്പോൾ 2021-22 വർഷത്തെ ഓഡിറ്റ് ചെയ്ത വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരുപ്പ് തുകകൾ എല്ലാം തന്നെ 2022-23 വർഷത്തെ വാർഷിക കണക്കിന്റെ മുന്നിരിപ്പായി രേഖപെടുത്തുകയും എന്തെങ്കിലും മാറ്റങ്ങൾ വരുത്താനുണ്ടെങ്കിൽ ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവയോടു കൂടിയ ജേർണൽ എൻട്രി മുഖേന ബന്ധപ്പെട്ട ശീർഷകത്തിൽ രേഖപെടുത്തലുകൾ നടത്തുകയായിരുന്നു ചെയ്യേണ്ടിയിരുന്നത്. അതിനു പകരം ഭരണ സമിതി അംഗീകരിച്ച ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളിൽ വ്യത്യാസം വരുത്തിയത് അക്കൗണ്ടിംഗ് തത്വങ്ങൾക്ക് വിരുദ്ധവും സ്ഥാപനത്തിന്റെ അക്കൗണ്ട്സ് തയ്യാറാക്കുന്നതിലുള്ള നടപടി ക്രമങ്ങളിലെ വീഴ്ചയുമാണ്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-4 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

1. മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുക റവന്യൂ ചെലവായി രേഖപെടുത്തി.

CFC Untied Basic Grant, CFC Tied Grant , Development Fund - General, എന്നീ ഫണ്ടുകളിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന പ്രവർത്തികൾക്കായി ചെലവഴിച്ച തുകകൾ തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല. ഇത്തരത്തിൽ മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുക സ്ഥാപനത്തിന്റെ റവന്യൂ ചെലവായി രേഖപെടുത്തുന്നത് Income And Expenditure Account പ്രകാരമുള്ള പ്രവർത്തനഫലം, ബാലൻസ് ഷീറ്റ് പ്രകാരമുള്ള സാമ്പത്തികനില എന്നിവയെ ബാധിക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ,പേര് | വൗച്ചർ നമ്പർ/ തീയതി | തുക | ചെലവ് ബുക്ക് ചെയ്ത ശീർഷകം | ബുക്ക് ചെയ്യേണ്ടിയിരുന്ന ശീർഷകം | ഫണ്ടിനം |
|---|---|---|---|---|---|---|
| 1 | 146/23 Grill For Panchayat | 42200583/ 7.10.2022 | 300000 | 251120102 - Public | ഉചിതമായ ആസ്തി ശീർഷകം. | Development Fund - |

| | | | | | | |
|---|---|---|---|---|---|---|
| | Well | | | Drinking Water Programmes-Maintenance Of Public Well | | Central Finance Commission Grant - Tied Fund |
| 2 | 108/23 Sorting Table For MCF | 42201179/25.3.2023 | 385000 | 251130404-Waste Management -Collection And Sorting Of Plastic Waste | ഉചിതമായ ആസ്തി ശീർഷകം. | |
| 3 | 276/23 Pothakulam Road Completion | 42200994/ 14.2.2023 | 407937 | 252110004-Roads-Concretting | ഉചിതമായ ആസ്തി ശീർഷകം | Development Fund - Central Finance Commission Grant - Basic Grant |
| 4 | 280/23 Panikkarpadi Thodu Slabidal Ward-15 | 42201092/ 8.3.2023 | 77469 | 250102010-Irrigation-Others-Maintenance Of Water Stream | ഉചിതമായ ആസ്തി ശീർഷകം | |
| 5 | 93/23 Nedumpura Road Poortheekaranam | 42201093/ 8.3.2023 | 109895 | 252110001-Roads-Retarring | ഉചിതമായ ആസ്തി ശീർഷകം | |
| 6 | 264/23 VALLATHOLNAGAR OFFICE COMPOUND RENOVATION | 42201337/ 1.12.2022 | 450000 | 252120005-Local Self Government Institution Officer Building-Public Buildings | ഉചിതമായ ആസ്തി ശീർഷകം | Development Fund - General |

| | | | | | |
|---|---|---|---|---|---|
| | | | | -Related-Facilitie | |
| 7 | 112/23 RENOVATION OF PANCHAYATH OFFICE AND FACILITIES TO KAIMARIKKITTYA OFFFICES | 42201377/ 27.1.2023 | 217444 | 252120001 Local Self Government Institution Officer Building-Renovation Of Building | ഉചിതമായ ആസ്തി ശീർഷകം |
| 8 | 122/23 KUNNAMKULAM NAVEEKARANAM | 42201379/ 27.1.2023 | 49917 | 250102015 Irrigation-Others-Maintenance Of Ponds For Irrigation | ഉചിതമായ ആസ്തി ശീർഷകം |
| 9 | 125/23 Renovation Of Tourism Complex | 42201381/ 27.1.2023 | 188189 | 252120101 Other Buildings-Renovation Of Building | ഉചിതമായ ആസ്തി ശീർഷകം |
| 10 | 121/23 PANCHAYATH MARKET COMPUND TILE VIRIKKAL | 42201382/ 27.1.2023 | 232900 | 251130406 Sanitation And Waste Management - Public Programmes - Renovation Of Markets | ഉചിതമായ ആസ്തി ശീർഷകം |
| 11 | 273/23 KADAVATHODI MADRASSA ROAD CONCRETING | 42201390/ 28.1.2023 | 44703 | 252110004 Roads-Concretting | ഉചിതമായ ആസ്തി ശീർഷകം |

| | | | | | |
|---|---|---|---|---|---|
| 12 | 278 ORAVAMPADAM SUBROAD CONCRETING WARD 6 | 42201400/ 6.2.2023 | 80950 | 252110004 Roads-Concretting | ഉചിതമായ ആസ്തി ശീർഷകം |

ഇത്തരത്തിൽ തെറ്റായി ബുക്ക് ചെയ്ത ചെലവ് തുകകൾ 2023-24 സാമ്പത്തിക വർഷത്തിൽ “Prior Period Expenditure” എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും ഉചിതമായ ആസ്തി ശീർഷകത്തിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. കൂടാതെ മേൽ പരാമർശിച്ച മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾക്ക് തത്തുല്യമായ തുക “Prior Period Income” എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും ഉചിതമായ “Capital Contribution” ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്.

2. മുൻകൂർ തുക നൽകിയത് ചെലവ് ശീർഷകത്തിൽ ബുക്ക് ചെയ്തു.

2022-23 വർഷത്തിൽ നടപ്പാക്കിയ വിവിധ പ്രൊജക്ടുകൾ പ്രകാരം മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ, ഹോംകോ, ഔഷധി മുതലായ സ്ഥാപനങ്ങൾക്കായി തുക മുൻകൂർ കൈമാറിയിട്ടുണ്ട്. എന്നാൽ മുൻകൂർ നൽകുമ്പോൾ ഉചിതമായ അഡ്വാൻസ് ശീർഷകത്തിൽ രേഖപ്പെടുത്തുകയും സാധനങ്ങൾ ലഭിക്കുമ്പോൾ മാത്രം ആയത് ചെലവായി ക്രമീകരിക്കുകയും ചെയ്യുന്നതിന് പകരം മുൻകൂർ നൽകിയ ഇടപാട് ചെലവ് ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രൊജക്റ്റ് നമ്പരും പേരും | തുക | വൗച്ചർ നമ്പർ / തീയതി | ചെലവ് ബുക്ക് ചെയ്ത ശീർഷകം |
|---|---|---|---|---|
| 1 | 7/23 PURCHASE OF MEDICINE FOR KIDNEY PATIENTS | 499871 | 42201271/ 18.7.2022 | 251110008-Medical Institution-Allopathy-Purchase Of Medicines For Hospitals |
| | | 249949 | 42201423/ 13.3.2023 | |
| 2 | 159/23 Project For The Purchase Of Medicines To Veterinary Hospital Cheruthuruthy | 2,00,000 | 42201354/22.12.2022 | 250110103-Animal Husbandry-Infrastructure Medicines For Veterinary |

| | | | | |
|---|---|---|---|---|
| | 2022 23 | | | Hospital |
| 3 | 3/23-PURCHASE OF MEDICINE FOR HOMOEO DISPENSARY | 3,00,000 | 42201278/ 1.9.2022 | 251110208-Medical Institution-Homoeo-Purchase Of Medicines In Health Institutions |
| 4 | 146/23-Purchase Of Medicine For Ayurveda Dispensary | 6,00,000 | 422011279/ 19-08-22 | 251110109-Medical Institution-Ayurveda-Purchase Of Medicines In Health Institutions |
| 5 | 5/23 PURCHASE OF MEDICINE FOR PHC | 9471 | 42201274/ 28.7.2022 | 251110008-Medical Institution-Allopathy-Purchase Of Medicines For Hospitals |
| | | 28276 | 42201273/ 18.8.2022 | |
| | | 14971 | 42201297/ 10.10.2022 | |
| | | 43747 | 42201332/ 29.11.2022 | |
| | | 14026 | 42201348/ 16.12.2022 | |
| | | 14300 | 42201367/ 5.1.2023 | |
| | | 28220 | 42201399/ 2.2.2023 | |
| | | 46651 | 42201419/ | |

| | | | |
|---|---|---|---|
| | | 24.2.2023 | |
| | 98500 | 42201442/<br>17.3.2023 | |
| | 1500 | 42201473/<br>28.3.2023 | |

ഇത്തരത്തിൽ തെറ്റായി ബുക്ക് ചെയ്ത, 31.3.2023 വരെ മരുന്നുകൾ ലഭ്യമാകാത്ത ചെലവ് തുകകൾ 2023-24 സാമ്പത്തിക വർഷത്തിൽ “Prior Period Expenditure” എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും ഉചിതമായ അഡ്വാൻസ് ശീർഷകത്തിൽ ഡെബിറ്റ് ചെയ്യേണ്ടതും ഇത്തരത്തിലുള്ള അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

3. മുൻകൂർ തുക നൽകിയത് അനുയോജ്യമായ അഡ്വാൻസ് ശീർഷകത്തിൽ ബുക്ക് ചെയ്തില്ല.

2022-23 വർഷത്തിൽ നടപ്പാക്കിയ വിവിധ പ്രൊജക്ടുകൾ പ്രകാരം, കെ.എസ്.ഇ.ബി.യിൽ തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ മുൻകൂർ നൽകുമ്പോൾ ഉചിതമായ അഡ്വാൻസ് ശീർഷകത്തിൽ രേഖപ്പെടുത്തുകയും വിനിയോഗ സാക്ഷ്യപത്രം ലഭിക്കുമ്പോൾ മാത്രം ആയത് ചെലവായി ക്രമീകരിക്കുകയും ചെയ്യുന്നതിന് പകരം മുൻകൂർ നൽകിയ ഇടപാട് ചെലവ് / ആസ്തി ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ താഴെചേർക്കുന്നു.

| ക്രമനമ്പർ | പ്രൊജക്ട് നമ്പരും പേരും | തുക | വൗച്ചർ നമ്പർ / തീയതി | ചെലവ് ബുക്ക് ചെയ്ത ശീർഷകം | ചെലവ് ബുക്ക് ചെയ്യേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|
| 1 | കലാമണ്ഡലത്തിനു മുൻവശം ടേക്ക് എ ബ്രേക്ക് കറന്റ് കണക്ഷൻ | 81529 | 42201424/<br>15.03.2023 | 414200003-Electricity Line Extension-Extention Of Electric Line For Public Institutions | 460500202-Advance To Implementing Agencies-Deposit With KSEB |
| 2 | പള്ളിക്കൽ പന്നിയടി കുടിവെള്ള പദ്ധതിയ്ക്ക് കറന്റ് കണക്ഷൻ | 26482 | 42201425/<br>15.03.2023 | 414120001-Public Drinking Water Programmes-One Time Electric | 460500202-Advance To Implementing Agencies-Deposit With KSEB |

| | | | | | |
|---|---|---|---|---|---|
| | | | | Connection For Drinking Water Projects | |
| 3 | വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റി വെക്കൽ | 78059 | 24500(42201360/29.12.2022) 43347(42201035/24.02.2023) 10212(42201465/28.03.2023) | 251200001-Electric Line-Post Re-Arrangement | 460500202-Advance To Implementing Agencies-Deposit With KSEB |

ഇത്തരത്തിൽ തെറ്റായി ബുക്ക് ചെയ്ത, 31.3.2023 വരെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്ത ചെലവ് തുകകൾ 2023-24 സാമ്പത്തിക വർഷത്തിൽ "Prior Period Expenditure" എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ/ ഉചിതമായ ആസ്തി ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും ഉചിതമായ അഡ്വാൻസ് ശീർഷകത്തിൽ ഡെബിറ്റ് ചെയ്യേണ്ടതും ഇത്തരത്തിലുള്ള അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 18/4.11.2023)

## 1-1-5 Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി.

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കേണ്ടിയിരുന്നതിന്റെ വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 135873042 |
| ആകെ ചെലവ് (B) | | 125560881 |
| മിച്ചം തുക C= A-B | | 10312161 |
| Prior Period Income (I-19) | 36293 | |
| Prior Period Expenditure (I-18) | (-)923958 | |
| Net Difference Between Prior Period Income And Expenses ( D ) | | 960251 |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | | 11272412 |

എന്നാൽ ഫോർമുല പ്രകാരം (I-18)+(I-19) എന്നും (E) =C+D എന്ന് ചേർത്തിട്ടുള്ളതിനാൽ D= (-)887665 എന്നും E എന്നത് 10312161 ലനോട് (-)887665 കൂട്ടിയപ്പോൾ ലഭിച്ച 9424496 രൂപയാണ് Income And Expenditure Account ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത്. എന്നാൽ 31/3/22 ലെ ബാലൻസ് ഷീറ്റിലേക്ക് താഴെ ചേർത്തിരിക്കും പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടുള്ളത് ശരിയായ 11272412 രൂപ തന്നെയാണ്.

| | |
|---|---|
| 31/3/22 ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | (-)72340724.9 |
| കൂട്ടുക-Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | 11272412 |
| 31/3/23 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ | (-)61068312.9 |

| നീക്കിയിരിപ്പ് | |
|---|---|

(കുറിപ്പ്- Income And Expenditure Account ൽ Expenditure ശീർഷകത്തിൽ തൻ വർഷ ചെലവുകളോടൊപ്പം 190000000- Prior Period Income എന്ന ശീർഷകത്തിൽ 426465 രൂപ ചേർത്തിട്ടുണ്ട്.എന്നാൽ ആയത് ആകെ ചെലവ് തുകയിൽ കണക്കാക്കിയിട്ടില്ല)

(ഓഡിറ്റ് എൻക്വയറി നമ്പർ 18/4.11.2023)

## 1-1-6 Capital Contribution ശീർഷകത്തിലേക്ക് തുക മാറ്റിയിട്ടില്ല.

വ്യത്യസ്ത ഗ്രാന്റുകളുടെ ലെഡ്ജർ പരിശോധിച്ചു. ഗ്രാന്റുകൾ ഉപയോഗിച്ച് നടത്തിയ മൂലധന പ്രവർത്തികൾക്ക് തത്തുല്യമായ തുക "Capital Contribution” എന്ന ശീർഷകത്തിലേക്ക് ചേർക്കുന്നില്ല. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് സ. ഉ. 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഫണ്ടിനം | ലെഡ്ജർ പ്രകാരം ചെയ്ത മൂലധന പ്രവർത്തികളുടെ ആകെ തുക | ലെഡ്ജർ പ്രകാരം "Capital Contribution” എന്ന ശീർഷകത്തിലേക്ക് ചേർത്ത തുക | വ്യത്യാസം |
|---|---|---|---|---|
| 1 | വികസന ഫണ്ട്- ജനറൽ | 1325864 | 0 | 1325864 |
| 2 | വികസന ഫണ്ട്- എസ്.സി.പി | 3149807 | 0 | 3149807 |
| 3 | സി.എഫ്.സി ടൈഡ് ഫണ്ട് | 940059 | 0 | 940059 |
| 4 | സി.എഫ്.സി അൺ ടൈഡ് ഫണ്ട് | 2142707 | 0 | 2142707 |

2023-24 സാമ്പത്തികവർഷത്തിൽ മേൽ പരാമർശിച്ച വ്യത്യാസമുള്ള മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകക്ക് തത്തുല്യമായ തുക “Prior Period Income” എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും ഉചിതമായ “Capital Contribution....” ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 18/4.11.2023)

## 1-1-7 കുടിശ്ശിക തുകക്ക് അനുസൃതമായി പ്രൊവിഷൻ രേഖപെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 18/4.11.2023)

## 1-1-8 ഡിപ്രിസിയേഷൻ രേഖപെടുത്തിയതിലെ അപാകങ്ങൾ

1. അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനെക്കാൾ അധികമായി രേഖപ്പെടുത്തി.

31/3/2023 ലെ ബാലൻസ്ഷീറ്റ് പ്രകാരം 410800101 – Other Fixed Asset എന്ന ആസ്തികൾക്ക് 917375 രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2023 ലെ Accumulated Depreciation (416100110 Accumulated Depreciation - Other Fixed Assets) 932419 രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2023-24 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

2. ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

"സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്.എന്നാൽ ആസ്തികളുടെ ഡിപ്രിസിയേഷൻ,അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ എന്നീ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനക്രമീകരിക്കാത്തതിനാൽ ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 18/4.11.2023)

## 1-1-9 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2051784 രൂപയാണ്.എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 39823306 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച

സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 18/4.11.2023)

1-1-10 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

(ഓഡിറ്റ് എൻക്വയറി നമ്പർ 18/4.11.2023)

1-1-11 തൊഴിലുറപ്പ്പദ്ധതി - ചെലവ് തെറ്റായ ശീർഷകത്തിൽ ബുക്ക് ചെയ്തു.

2022-23 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ ഭരണ ചെലവ് 1661066 രൂപയും കൂലി /സാധനങ്ങളുടെ സപ്ലൈ ചെലവ് തുക (റവന്യൂ ചെലവ്) 19824640 രൂപയും ഇപ്രകാരം ആകെ ചെലവ് 21485706 രൂപയുമാണ്. ഇൻകം ആന്റ് എക്സ്പെൻഡീച്ചർ അക്കൗണ്ട് പ്രകാരം തൊഴിലുറപ്പ്പദ്ധതിയുടെ ആകെ റവന്യൂ ചെലവ് തുക 21485706 രൂപയും "256100116- Administrative Expenses- MNREGS/AUEGS" എന്ന ശീർഷകത്തിലാണ് ചെലവായി ഉൾപ്പെടുത്തിയിരിക്കുന്നത്. "256100116- Administrative Expenses- MNREGS/AUEGS" എന്ന ശീർഷകത്തിൽ 1661066 രൂപയും "253100101-Total Poverty Alleviation"എന്ന ശീർഷകത്തിൽ 19824640 രൂപയും ആണ് വരേണ്ടിയിരുന്നത്.

(ഓഡിറ്റ് എൻക്വയറി നമ്പർ 18/4.11.2023)

1-1-12 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല

2022-23 ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.എന്നാൽ വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിലെ 2022-23 വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള നികുതി-നികുതിയേതര വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒന്ന് / രണ്ട് തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വരുമാന ശീർഷകം | ജേണൽ വൗച്ചർനം./തീയതി | ഡിമാന്റ് രേഖപ്പെടുത്തിയ തുക |
|---|---|---|
| 110100101 – PROPERTY TAX ON | 42200329/26.7.2022 | 2,749,607 |

| | | |
|---|---|---|
| RESIDENTIAL BUILDINGS | | |
| 110100102 – PROPERTY TAX ON NON-RESIDENTIAL BUILDINGS | 42200330/26.7.2022 | 2,681,884 |
| | 42101686/31.3.2023 | 154,875 |
| 140110101-Licence Fees For Factories, Traders, Entepreneuors And Other Services | 42101696/31.03.23 | 157200 |
| 130100101-Rent From Buildings | 42200331/26.7.2022 | 2341296 |
| | 42101661/31.3.2023 | 100500 |
| 110200105-Profession Tax-Traders | 42101694/31.3.23 | 425650 |

(ഓഡിറ്റ് എൻക്വയറി നമ്പർ 18/4.11.2023)

1-1-13 ചെക്ക് നിക്ഷേപിച്ചു - ബാങ്കിൽ ക്രെഡിറ്റ് ആയില്ല

State Bank Of Travancore-( 67075779569) എന്ന ബാങ്ക് അക്കൗണ്ടിന്റെ 2023 മാർച്ച് മാസത്തിലെ ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 3921/- രൂപ “Cheques Deposited But Not Cleared” ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത 3479/- രൂപയുടെ ചെക്കുകൾ ഉൾപ്പെടുന്നു. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 18/4.11.2023)

1-1-14 വസ്തു നികുതി -വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി

സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

1തൻവർഷം

1.1 റെസിഡൻഷ്യൽ

| | കളക്ഷൻ |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2657478 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2657904<br>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) |

1.2 നോൺ-റെസിഡൻഷ്യൽ

| | കളക്ഷൻ |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2572176 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2542078<br>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) |

2 കുടിശ്ശിക

2.1 റെസിഡൻഷ്യൽ

| | ഡിമാൻഡ് | കളക്ഷൻ |
|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 11748 | 8760 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം * | 11777<br>(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | 16795<br>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) |

2.2 നോൺ റെസിഡൻഷ്യൽ

| | ഡിമാൻഡ് | കളക്ഷൻ |
|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 214245 | 110655 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം * | 214278 | 9717 |
| | (2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) |

3 ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസി ഡൻഷ്യൽ | 135987 | 617 | 136604 | 135163 | 447 | 135610 | 917 | | 79 | 155 | 234 |
| | നോൺ-റെസി ഡൻഷ്യൽ | 131833 | 10748 | 142581 | 129293 | 5540 | 134833 | 406 | | 2268 | 5195 | 7463 |
| | ആകെ | | | 279185 | | | 270443 | 1323 | | 7697 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 294083 | | | 264172 | | | | 286386 | 7697 | | |
| | | State Govt . Cess/levies...... ലെഡ്ജർ 2022-23 ലെ ലെഡ്ജർ, 2021-22 ലെ ബാലൻസ് ഷീറ്റ് എന്നിവ പ്രകാരം ( | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-35(വരവ്)) | | | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2022-23) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

A. ഡിമാന്റ്, കളക്ഷൻ, മുൻകൂർ ക്രമീകരിച്ചത്, എന്നി തുകകൾ പൊരുത്തപ്പെടുന്നില്ല.

B. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ

കണക്കാക്കപ്പെടുന്നില്ല.

C. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 264172 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 270443 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ട് തുകയുമല്ല, മറിച്ച് 286386 രൂപയാണ്.

D. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 161188 രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax” എന്ന ശീർഷകത്തിൽ വരേണ്ട തുക 7676ആണ്. എന്നാൽ ഈ ശീർഷകത്തിൽ7697 രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

4. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2023 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ" സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 22104 | 584470 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 8191 | 24374 |

(ഓഡിറ്റ് എൻക്വയറി നമ്പർ 18/4.11.2023)

1-1-15 വരവ് രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ അതാത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല. (വസ്തു നികുതി ഒഴികെ)

| ഇനം | | കളക്ഷൻ |
|---|---|---|
| കെട്ടിടങ്ങളിൽ നിന്നുള്ള വാടക | വാർഷിക കണക്ക് പ്രകാരം | 2313098 |
| | രജിസ്റ്റർ പ്രകാരം | 2376958 |

(ഓഡിറ്റ് എൻക്വയറി നമ്പർ 18/4.11.2023)

1-1-16 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

1. രജിസ്റ്ററുകൾ എഴുതി സംക്ഷിപ്തം സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ RP-3, RP-4, RP-5 ഷെഡ്യൂൾ പ്രകാരമുള്ള വരവുകളുടെ വാർഷിക കണക്കിൽ തുക രേഖപ്പെടുത്തിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്കിന്റെ മൂല്യം '0' ആണ്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58,4(എ))

(ഓഡിറ്റ് എൻക്വയറി നമ്പർ 18/4.11.2023)

1-1-17 രജിസ്റ്ററുകളിലെ രേഖപെടുത്തലുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

1. ACR പ്രകാരമുള്ള രേഖപെടുത്തലുകൾ വാർഷിക കണക്കിലെ രേഖപെടുത്തലുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | രജിസ്റ്റർ പ്രകാരം | | വാർഷിക കണക്ക് പ്രകാരം (RP-30(R)) | |
|---|---|---|---|---|
| 320100201 Grants For Specific Purposes - Health Grant | Receipt | 108244 | Receipt | 107476 |

2. അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള രേഖപെടുത്തലുകൾ വാർഷിക കണക്കിലെ രേഖപെടുത്തലുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | അഡ്വാൻസ് രജിസ്റ്റർ പ്രകാരം | | വാർഷിക കണക്ക് പ്രകാരം (RP-49(P)) | |
|---|---|---|---|---|
| 460500801 - Advance To Mahatma Gandhi NREGA/AUEGS Administrative | Payment | 1967817 | Payment | 253319 |

| | | | | |
|---|---|---|---|---|
| E17xpense | | | | |

(ഓഡിറ്റ് എൻക്വയറി നമ്പർ 18/4.11.2023)

## 1-1-18 ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

(ഓഡിറ്റ് എൻക്വയറി നമ്പർ 18/4.11.2023)

## 1-1-19 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

A. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

B. ലൈസൻസ് ഡിമാന്റ് രജിസ്റ്റർ

C. പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

D. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

(ഓഡിറ്റ് എൻക്വയറി നമ്പർ 18/4.11.2023)

## 1-2 ബജറ്റ്

| | | |
|---|---|---|
| പാസാക്കിയ തീയ്യതി | 15/03/2022 | |
| കമ്മിറ്റി തീരുമാനം | 1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 275869000 | 275775000 |
| റിവൈസ്ഡ് ബഡ്ജറ്റ് | | |
| പാസാക്കിയ തീയ്യതി | 31/01/2023 | |
| കമ്മിറ്റി തീരുമാനം | 7 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 241672337 | 241883179 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക*/ നീക്കിയിരിപ്പ്** |
|---|---|---|---|---|---|---|
| വികസനഫണ്ട്- | | 0 | 15897000 | 15897000 | 14756776 | 1140224* |

| | | | | | | |
|---|---|---|---|---|---|---|
| ജനറൽ | | | | | | |
| വികസനഫണ്ട്-എസ്.സി.പി | | 0 | 6994000 | 6994000 | 6252638 | 741362* |
| മെയിന്റനൻസ്, റോഡ് | | 0 | 13923000 | 13923000 | 9279278 | 4643722* |
| മെയിന്റനൻസ്, നോൺ റോഡ് | | 0 | 5039000 | 5039000 | 4190257 | 848743* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാൻറ് (ബേസിക്) | Bank | 79269 | 3051467 | 3130736 | 2740067 (30/- രൂപ ബാങ്ക് ചാർജ് ഉൾപ്പടെ ) | 390669** |
| | Treasury | 0 | 44840 | 44840 | 44840 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാൻറ്(ടൈഡ്) | Bank | 2167593 | 4295000 | 6462593 | 3481568 | 2981025** |
| | Treasury | 0 | 642920 | 642920 | 642920 | 0 |
| TSC | | 663670 | 26917 | 690587 | 500000 | 190587** |
| ICDS | | 291883 | 1298933 | 1590816 | 532469 | 1058347** |
| LIFE (State Share) | | 1067447 | 0 | 1067447 | 550649 | 516798** |
| Vimukthi | | 14500 | 0 | 14500 | 0 | 14500** |
| Jalanidhi | | 5122 | 0 | 5122 | 0 | 5122** |
| Health Grant Diagnostic (Infrastructure) | | 0 | 274071 | 274071 | 112313 | 161758** |
| Health Grant (Wellness) | | 0 | 108244 | 108244 | 15388 | 92856** |

കുറിപ്പ്:

1) സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ എന്നയിനത്തിലെ വരവിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകയും വികസന ഫണ്ട്- എസ്.സി.പി. എന്നയിനത്തിലെ വരവിൽ ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നയിനത്തിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകയും ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.

2) ചെലവഴിക്കാതെ കിടക്കുന്ന, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള ഫണ്ടുകൾ, ആവശ്യമില്ലാത്തപക്ഷം സോഴ്സിലേക്ക് തിരിച്ചടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 198 | 99579853 | 149 | 51386954 | 51.60% | 75.25% |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 182 | 1660884 | 1661066 | 1661066 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 19824640 | 19824640 | 19824640 | 0 |
| മെറ്റീരിയൽ കോസ്റ്റ് | 0 | 27095298 | 27095298 | 27095298 | 0 |
| ആകെ | 182 | 48580822 | 48581004 | 48581004 | 0 |

## 1-6 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2244200 | 211 |
| വിധവ പെൻഷൻ | 14853000 | 1359 |
| വാർദ്ധക്യകാല പെൻഷൻ | 20232100 | 1872 |
| വികലാംഗ പെൻഷൻ | 3855800 | 349 |
| അവിവാഹിത പെൻഷൻ | 1218000 | 111 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 90000 | 3 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.11.2023 തീയതിയിൽ 04:15pm ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 23824/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 നികുതി-നികുതിയേതര വരവുകൾ-അവലോകനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി മിനിട്ട്സ് പരിശോധനയിൽ പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല. വരവ് ചെലവ് കണക്കുകൾ അംഗീകരിക്കൽ, ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വിമുക്തഭടന്മാരുടെ വീടുകൾക്കുള്ള വസ്തുനികുതിയൊഴിവ് അപേക്ഷകൾ, പൊളിഞ്ഞു പോയ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകുന്നതിനുള്ള അപേക്ഷകൾ മുതലായവയിൽ തീരുമാനമെടുക്കുന്നതുമായി ബന്ധപ്പെട്ട അജണ്ടകളാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി യോഗങ്ങളുടെ മിനിട്സ് പ്രകാരം കാണുന്നത്. നികുതി വരുമാനത്തിന്റെ ഡിസിബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഭരണസമിതി യോഗത്തിൽ സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ട് ഭരണസമിതി ചർച്ചയ്ക്കെടുക്കുകയും ചെയ്യുന്നുണ്ട്. നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്നുമാസത്തിലൊരിക്കൽ മിക്ക ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തി വരുന്നുണ്ട്.

2022-23 സാമ്പത്തിക വർഷത്തെ നികുതി ഈടാക്കുന്നതിന് ക്യാമ്പ് കളക്ഷൻ, ഡിമാന്റ് നോട്ടീസ് വിതരണം തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും 100% നികുതികൾ പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ടെന്നും ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനത്തിനടിസ്ഥാനമായ നികുതി-നികുതിയേതര വരുമാനങ്ങളിൽ 2022-23 സാമ്പത്തിക വർഷം കുടിശ്ശികയില്ലാത്തതിനാൽ കുടിശ്ശിക രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലായെന്നും ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും വാർഷികകണക്ക് പ്രകാരം വസ്തുനികുതിയിനത്തിൽ റെസിഡൻഷ്യലും നോൺ റെസിഡൻഷ്യലും ഉൾപ്പെടെ 111956 രൂപ കുടിശ്ശികയുണ്ട്.

വരുമാന വർദ്ധനവ്

കഴിഞ്ഞ രണ്ട് വർഷത്തെ നികുതി നികുതിയേതര വരുമാനങ്ങളുടെ വർദ്ധനവ് താഴെ ചേർക്കും പ്രകാരമാണ്.

<table>
<tr><td>ഇനം</td><td>2021-22</td><td>2022-23</td><td colspan="2">വർദ്ധനവ് ( % )</td></tr>
<tr><td>വസ്തുനികുതി റെസിഡൻഷ്യൽ</td><td>2552627</td><td>2671720</td><td>4.66%</td><td rowspan="2">245 കെട്ടിടങ്ങൾ 2022-23 ൽ അസ്സസ് ചെയ്തു.</td></tr>
<tr><td>വസ്തുനികുതി നോൺ റെസിഡൻഷ്യൽ</td><td>2506241</td><td>2622514</td><td>4.63%</td></tr>
<tr><td>തൊഴിൽ നികുതി-ട്രേഡേഴ്സ്</td><td>424250</td><td>516350</td><td>21.70%</td><td></td></tr>
</table>

| | | | |
|---|---|---|---|
| സ്ഥാപനങ്ങൾ | | | |
| തൊഴിൽ നികുതി - ജീവനക്കാർ | 2055970 | 2265510 | 10.19% |
| FACTEOS ലൈസൻസ് | 163700 | 157200 | -3.97% |

2022-23 സാമ്പത്തിക വർഷത്തിൽ വസ്തുനികുതി, തൊഴിൽ നികുതി എന്നീയിനത്തിൽ വരുമാന വർദ്ധനവുണ്ടെങ്കിലും ലൈസൻസ് ഫീസിനത്തിൽ കുറവ് സംബന്ധിച്ചത് ഗൌരവമായിട്ടെടുക്കേണ്ടതാണ്. വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് ഇല്ലാത്തതാണ്. ആയതിനാൽ മുഴുവൻ നികുതി നികുതിയേതര വരുമാനങ്ങളുടെയും ഡിമാന്റ് പൂർണമായും നടത്തിയോ എന്ന പരിശോധന നടത്താൻ സ്ഥാപനത്തിനോ ഓഡിറ്റിനോ സാധിക്കുന്നില്ല.

വസ്തുനികുതി

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203,2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, തദ്ദേശസ്വയംഭരണ (ആർ.സി)വകുപ്പിന്റെ 22.03.23 തിയതിയിലെ സ.ഉ(കൈ)നം.77/2023 /എൽ.എസ്.ജി.ഡി) നമ്പർ വിജ്ഞാപനം എന്നിവയ്ക്ക് വിധേയമായി 01.04.23 ലെ വസ്തുനികുതി പരിഷ്കരണനിരക്കുകൾ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശയോടെ ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

2022-23 ലെ വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തിയിട്ടില്ല. വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തി ഡാറ്റാ ലോക്ക് ചെയ്തിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വീതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണയിക്കുമ്പോൾ പ്രസ്തുത മേഖലകളുടെ അടിസ്ഥാനത്തിലാണ് നികുതി ഇളവ് അനുവദിക്കേണ്ടത്. ഗ്രാമപഞ്ചായത്ത് ഭൂപ്രദേശത്തെ വിവിധ മേഖലകൾ ആയി തരംതിരിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ടെങ്കിലും പഞ്ചായത്തിൽ മേഖലാ തലത്തിലുള്ള മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

തുറസ്സായ സ്ഥലവും പാർക്കിംഗ് സ്ഥലവും കയ്യേറി നടത്തുന്ന അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനായി സർക്കുലർ RB3/178/2020-ത.സ്വ.ഭ.വ തിയതി.20.06.2022 പ്രകാരം ഫീൽഡ് സന്ദർശനങ്ങൾ നടത്തിയിട്ടില്ല. ഇത്തരം കെട്ടിടങ്ങൾ കണ്ടെത്തി അനധികൃത കെട്ടിടങ്ങൾക്കെതിരെയുള്ള തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം നിലവിലുള്ള കെട്ടിടങ്ങൾ പരിശോധിച്ചതിൽ ഒരേ ഉപയോഗത്തിനുള്ള കെട്ടിടങ്ങൾക്ക് വ്യത്യസ്ത കെട്ടിട നമ്പരുകൾ നല്കിയതായും കുറവ് നിരക്കിലുള്ള ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണയിച്ചതായും കാണുന്നു. പുതിയ വിജ്ഞാപന പ്രകാരം നികുതി നിരക്കുകൾ പരിഷ്കരിക്കുമ്പോൾ ടി കെട്ടിടങ്ങൾക്ക് തെറ്റായ നിരക്കിൽ നികുതി നിർണയിക്കാനുള്ള സാധ്യത വളരെ കൂടുതലാണ്. മാത്രമല്ല ഇത്തരത്തിൽ നികുതി നിർണയം നടത്തുമ്പോൾ വൻ തോതിലുള്ള വരുമാന നഷ്ടത്തിനും ഇടയുണ്ട്. ആയതിനാൽ കെട്ടിടങ്ങളിൽ സ്ഥല പരിശോധന നടത്തിയതിനു ശേഷം ബാധകമായ നിരക്കിൽ നികുതി നിർണയിക്കേണ്ടതാണ്.

സേവന ഉപനികുതി

വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിലുണ്ട്. ഭരണസമിതിയുടെ 9.6.22ലെ തീരുമാനം നം5(1)പ്രകാരം തൽകാലം കേന്ദ്രസർക്കാർ സ്ഥാപനങ്ങളിൻമേൽ സർവ്വീസ് ചാർജ്ജ് ചുമത്തേണ്ടതില്ല എന്ന തീരുമാനമെടുത്തിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 30 പ്രകാരം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതും ഭരണഘടനയുടെ 285-ാം അനുച്ഛേദം അനുസരിച്ച് വസ്തുനികുതി ഉൾപ്പെടെയുള്ള നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ ഗ്രാമപഞ്ചായത്തിന് ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾക്കായി 2ാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ള നിരക്കിൽ സർക്കാർ ഇതിലേക്കായി നിർദ്ദേശിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായും സർവ്വീസ് ചാർജ്ജ് ഈടാക്കാവുന്നതാണ്.

തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിൽ ഏർപ്പെട്ടിരിക്കുന്നവർ (അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ) സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റ ബേസ് സൂക്ഷിക്കുന്നില്ല. നികുതി അടവാക്കിയവരുടെ വിവരങ്ങൾ മാത്രമാണ് ഡിമാന്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടുള്ളത്. തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം ചെയ്യുന്നുണ്ട്.

വിനോദനികുതി

അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്ബ്/സ്റ്റേഡിയം, നീന്തൽകുളങ്ങൾ, കേബിൾ ടിവി നെറ്റ്‌വർക്ക് എന്നിവയ്ക്ക് നിലവിൽ പഞ്ചായത്തിൽ പ്രവർത്താനമതി നല്കിയിട്ടില്ല. നിലവിൽ പഞ്ചായത്തിൽ സിനിമാതിയേറ്ററുകളൊന്നും പ്രവർത്തിക്കുന്നില്ല. 2022-23 സാമ്പത്തികവർഷത്തിൽ പഞ്ചായത്ത് പരിധിയിൽ വിപണനമേളകൾ ഒന്നും തന്നെ നടന്നിട്ടില്ല.

നികുതിയേതര വരവുകൾ

(1) വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ്

പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നുണ്ട്. എന്നാൽ മുൻവർഷത്തെ അപേക്ഷിച്ച് ഈയിനത്തിൽ വരവ് വളരെ കുറവാണ്. കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും) ലൈസൻസ് നൽകൽ ഭേദഗതി ചട്ടങ്ങൾ 2017ലെ ചട്ടം 18,21,24 എന്നിവ പ്രകാരം പരിശോധന നടത്തിയിട്ടുണ്ട്.

(2) ലേലം, വാടക, ഫലവൃക്ഷങ്ങൾ എന്നിവയിൽ നിന്നുള്ള ആദായം സംബന്ധിച്ച പരിശോധന-

കാലഹരണപ്പെട്ട ആസ്തികൾ യഥാസമയം ലേലം ചെയ്യുന്നുണ്ട്. കടമുറികൾ ലേലം ചെയ്യാതിരിക്കുന്നത് സംബന്ധിച്ച് ഖണ്ഡിക നം.1-13ൽ പരാമർശിച്ചിട്ടുണ്ട്.

3) മറ്റിനങ്ങൾ

പ്രാദേശിക/പാരിസ്ഥിതിക അവസ്ഥയ്ക്കനുസരിച്ച് ലഭ്യമാകാവുന്ന വരവുകൾ (നിലവിൽ ലഭിക്കുന്നത്/ഭാവിയിൽ വരുമാന

മാർഗ്ഗമാക്കാവുന്നത് ) കണ്ടെത്തിയിട്ടില്ല. ആയത് സംബന്ധിച്ച് സാധ്യതാപഠനത്തിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.01/31.10.2023)

1-10 രസീത് പരിശോധന-അപാകതകൾ

പഞ്ചായത്തിലെ വരവ് സംബന്ധിച്ചിട്ടുള്ള വിവിധ രസീതുകളും കളക്ഷൻ രജിസ്റ്ററും അക്കൗണ്ടും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1. 1134 നമ്പർ രസീത് ബുക്കിലെ 31 മുതൽ 34 വരെയുള്ള രസീതുകൾ, 36 മുതൽ 38 വരെയുള്ള രസീതുകൾ എന്നിവയുടെ ഒറിജിനൽ പാർട്ടിക്ക് നൽകുകയും ഡ്യൂപ്ലിക്കേറ്റ് ഓഫീസിൽ സൂക്ഷിക്കുകയുമാണ് ചെയ്യുന്നത്. കൂടാതെ പ്രസ്തുത രസീത് ബുക്കിലെ രസീത് നമ്പർ 35, 39 മുതൽ 51 വരെയുള്ള രസീതുകൾ, 1138 നമ്പർ രസീത് ബുക്കിലെ രസീത് നമ്പർ 1,2 എന്നീ രസീതുകളുടെ ഒറിജിനലും ഡ്യൂപ്ലിക്കേറ്റും ഓഫീസിൽ തന്നെ സൂക്ഷിച്ചിരിക്കുന്നു. (കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 ചട്ടം 20, കെ.ടി.സി. വോളിയം 1 ആർട്ടിക്കിൾ 90(എ) )
മേൽ അപാകങ്ങൾക്കു മറുപടി ലഭ്യമാക്കേണ്ടതാണ്.

2. 1134 നമ്പർ രസീത് ബുക്കിലെ 31 മുതൽ 51 വരെയുള്ള രസീതുകളിൽ തീയതി രേഖപെടുത്തതിനാൽ പണം കൃത്യ സമയത്തു അടവാക്കിയോ എന്ന് പരിശോധിക്കാൻ സാധിച്ചില്ല.

രസീത് പരിപാലനവുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 20/4.11.2023)

1-11 കുറഞ്ഞ വസ്തുനികുതി ഈടാക്കി

ഗ്രാമപഞ്ചായത്തിൽ 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്നിവയുടെ അടിസ്ഥാന വസ്തുനികുതി 40 രൂപ/ച.മീ.എന്ന നിരക്കിലും, 100 ച.മീ.ക്ക് മുകളിലുള്ള ഇത്തരം ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി 50 രൂപ/ച.മീ. എന്ന നിരക്കിലുമാണ് നിശ്ചയിച്ച് ഈടാക്കിക്കൊണ്ടിരിക്കുന്നത്.

ഗ്രാമപഞ്ചായത്തിന്റെ സഞ്ചയ, അസസ്മെന്റ് രജിസ്റ്ററുകൾ പരിശോധിച്ചപ്പോൾ ഒരേ സമയം നികുതി നിർണ്ണയിച്ച് ഒരേ വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന തറവിസ്തീർണ്ണം 100 ച.മീക്ക് മുകളിൽ ഉള്ളതുമായ ചില കെട്ടിടങ്ങൾ വിഭജിച്ച് വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ വിഭജിച്ച് വിവിധ കെട്ടിടനമ്പറുകൾ നൽകിയതിനാൽ അടിസ്ഥാന വസ്തുനികുതി 50 രൂപ/ച.മീ. എന്നതിന് പകരം 40 രൂപ/ച.മീ. എന്ന നിരക്കിലാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. വിവരം താഴെ ചേർക്കുന്നു.

| ക്രമനം | കെട്ടിടനമ്പറുകൾ | കെട്ടിടഉടമയുടെ പേര് | തറവിസ്തീർണ്ണം (ച.മീ) |
|---|---|---|---|
| 01 | 16/204എ മുതൽ എച്ച് വരെ | മുഹമ്മദ് ഷെരീഫ് & അഷ്‌റഫ് | 241.28 |
| 02 | 4/413ഡി മുതൽ | ശിവശങ്കരൻ | 898.4 |

| | | | |
|---|---|---|---|
| | പി വരെ | നായർ | |
| 03 | 13/405എമുതൽ ക്യു വരെ | അഷ്റഫ് & കബീർ | 372.72 |
| 04 | 4/64എ മുതൽ കെ വരെ | അബ്ദുൾ നിസ്സാർ & അബ്ദുൾ അഫ്സർഷ | 451.01 |

ഓഡിറ്റ് അന്വേഷണത്തിന് (നം.21/04.11.23) മറുപടി ലഭ്യമാക്കിയില്ല. ഇപ്രകാരം അപാകത സംഭവിച്ച നികുതി നിർണ്ണയങ്ങളിൽ ഉചിതമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-12 ഡേറ്റാപ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല

സഞ്ചയ സോഫ്റ്റ്വെയറിൽ പഞ്ചായത്തിലെ പുതുക്കിയ വസ്തു നികുതി വിവരങ്ങൾ സംബന്ധിച്ച അപ്ഡേഷൻ നടത്തുകയോ ഡേറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കുകയോ ചെയ്തിട്ടില്ല. എത്രയും വേഗം ഡേറ്റാപ്യൂരിഫിക്കേഷൻ പൂർത്തിയാക്കി ഡേറ്റാ ലോക്ക് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.01/04.11.23

## 1-13 കടമുറികൾ ഒഴിഞ്ഞു കിടക്കുന്നത് വരുമാനശോഷണത്തിന് ഇടയാക്കുന്നു

ഗ്രാമപഞ്ചായത്തിലെ വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചില കടമുറികൾ വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞ് കിടക്കുന്നതായും ചില കടമുറികൾ വാടക അടവാക്കാത്തതായും കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമനം | കെട്ടിടനം | നിലവിലെ അവസ്ഥ |
|---|---|---|
| 01 | 3/309A | ഒഴിഞ്ഞു കിടക്കുന്നു |
| 02 | 3/321A | ഒഴിഞ്ഞു കിടക്കുന്നു |
| 03 | 3/325C | ഒഴിഞ്ഞു കിടക്കുന്നു |
| 04 | 3/325F | ഒഴിഞ്ഞു കിടക്കുന്നു |
| 05 | 4/43 | ഒഴിഞ്ഞു കിടക്കുന്നു |
| 06 | 4/49 | ഒഴിഞ്ഞു കിടക്കുന്നു |
| 07 | 4/74 | ഒഴിഞ്ഞു കിടക്കുന്നു |
| 08 | 3/315 | 06/23 വരെ വാടക അടവാക്കി |
| 09 | 3/325k | 05/23 വരെ വാടക അടവാക്കി |
| 10 | 4/71 | 06/23 വരെ വാടക അടവാക്കി |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. ) മറുപടി ലഭ്യമാക്കിയില്ല.

ഒഴിഞ്ഞു കിടക്കുന്നവയുടെ കാര്യത്തിൽ ലേലനടപടികൾ സ്വീകരിക്കേണ്ടതും ക്രമനം 8, 9, 10 കടമുറികൾ നിലവിൽ

പ്രവർത്തിക്കുന്നുണ്ടെങ്കിൽ വാടകകുടിശ്ശിക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-14 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ 2022 -23 ൽ ഫാക്ടറി വ്യാപാര ലൈസൻസ് പുതുക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ |
|---|---|---|
| 1. | ഓം ശക്തി | 1/393 |
| 2. | അലങ്കാർ ഗിഫ്റ്റ്സ് സൂപ്പർമാർക്കറ്റ് | 13/633,634 |
| 3. | എസ്സ്.ആർ ഫ്രൂട്ട്സ് | 10/477 സി |
| 4. | ക്ലാസിക് മാക്സി സെന്റർ | 9/150 ബി |
| 5. | യു.വി. ഹോളിഡെയ്സ് ടൂർ പ്ലാനേഴ്സ് | 4/64 കെ |
| 6. | ഒബ്സ്കുര വെഡ്ഡിംഗ് സ്റ്റുഡിയോ | 13/538 |
| 7. | വികെയർ | 10/477 സി |
| 8. | ഗ്രൈസ് ഇൻഡസ്ട്രീസ് | 8/7 യു എ |
| 9. | പൂജ പ്രിന്റേഴ്സ് | 13/265 |
| 10. | അൽഹംദ ഷവർമ്മാസ് | 13/189 എ |
| 11. | ഫ്രണ്ട്സ് ഫൂട്ട് വെയർ ആൻഡ് ബാഗ്സ് | 14/205,206 |
| 12. | നിച്ചൂസ് ജനസേവന കേന്ദ്ര | 10/489 |

ഓഡിറ്റ് അന്വേഷണത്തിന്(06/02.11.23) മറുപടി ലഭ്യമാക്കിയില്ല.

മേൽ സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി കൃത്യസമയത്ത് ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ് (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

സെക്രട്ടറി നിർവ്വഹണം നടത്തിയ സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് എന്ന പ്രോജക്ടിനായി (256/23) പ്രവൃത്തിയെടുത്ത വകയിൽ കരാറുകാരനായ ശ്രീ.ബാലസുബ്രഹ്മണ്യൻ.കെ എന്നയാൾ 2022-23 സാമ്പത്തികവർഷം 221287/-രൂപ കൈപ്പറ്റിയിരുന്നു. എന്നാൽ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം ഇയാളിൽ നിന്നും 2022-23 സാമ്പത്തിക വർഷം തൊഴിൽനികുതി ഈടാക്കിയിരുന്നില്ല. ഓഡിറ്റ് അന്വേഷത്തിന്(12/03.11.23) മറുപടിയായി ടിയാനിൽ നിന്നും നികുതി പിഴ സഹിതം ഈടാക്കിയ രശീതി (നം.1231103157/G080402തിയതി.04.11.23) ഹാജരാക്കിയിട്ടുണ്ട്. കൃത്യസമയത്ത് തന്നെ നികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 തെരുവ് വിളക്ക് വൈദ്യുതിചാർജ്ജ്-അപാകങ്ങൾ

തനത് ഫണ്ട് വൗച്ചറും തെരുവ് വിളക്ക് വൈദ്യുതി ചാർജ് ( 230100101 – Electricity Charges For Street Lights) എന്ന ഇനത്തിന്റെ ലെഡ്ജറും പരിശോധിച്ചതിൽ നിന്നും 2022-23 വർഷത്തിൽ പഞ്ചായത്തിൽ തെരുവ് വിളക്ക് വൈദ്യുതി ചാർജിനത്തിൽ ആകെ 13,18,304/-രൂപ ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. മീറ്റർ ഘടിപ്പിച്ചതും ഘടിപ്പിക്കാത്തതുമായ തെരുവ് വിളക്കുകളുടെയും മിനി മാസ്റ്റ് വിളക്കുകളുടെയും ആകെ ചാർജ് തുകയാണ് മേൽ പരാമർശിച്ചിട്ടുള്ളത്.

മേൽ തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട വിശദവിവരം താഴെ ചേർക്കുന്നു.

| തീയതി | വൗച്ചർ നമ്പർ | തുക |
|---|---|---|
| 06-04-2022 | 42200022 | 15,652.00 |
| 07-04-2022 | 42200026 | 77,432.00 |
| 13-04-2022 | 42200039 | 45,988.00 |
| 16-05-2022 | 42200112 | 32,450.00 |
| 19-05-2022 | 42200126 | 8,988.00 |
| 21-05-2022 | 42200133 | 7,726.00 |
| 08-06-2022 | 42200193 | 1,54,812.00 |
| 10-06-2022 | 42200203 | 15,019.00 |
| 14-06-2022 | 42200208 | 26,077.00 |
| 21-06-2022 | 42200223 | 1,104.00 |
| 08-07-2022 | 42200282 | 98,710.00 |
| 08-07-2022 | 42200284 | 25,426.00 |
| 19-07-2022 | 42200309 | 5,069.00 |
| 22-07-2022 | 42200313 | 4,659.00 |
| 19-08-2022 | 42200414 | 13,991.00 |
| 19-08-2022 | 42200415 | 22,676.00 |
| 24-08-2022 | 42200429 | 90,239.00 |
| 05-09-2022 | 42200484 | 1,285.00 |
| 12-09-2022 | 42200496 | 35,780.00 |
| 12-09-2022 | 42200497 | 18548.00 |
| 15-09-2022 | 42200508 | 3,147.00 |
| 15-09-2022 | 42200537 | 83,787.00 |
| 29-09-2022 | 42200541 | 4,998 |
| 11-10-2022 | 42200599 | 127,532.00 |

| | | |
|---|---|---|
| 19-10-2022 | 42200610 | 13,934.00 |
| 21-10-2022 | 42200612 | 6,744.00 |
| 25-10-2022 | 42200635 | 5,684.00 |
| 31-10-2022 | 42200663 | 4,326.00 |
| 04-11-2022 | 42200695 | 24,836.00 |
| 05-11-2022 | 42200698 | 24,592.00 |
| 10-11-2022 | 42200706 | 10,839.00 |
| 09-12-2022 | 42200788 | 40,646.00 |
| 09-12-2022 | 42200789 | 31,501.00 |
| 10-01-2023 | 42200887 | 31,220.00 |
| 10-01-2023 | 42200888 | 41,698.00 |
| 14-02-2023 | 42200998 | 24,053.00 |
| 14-02-2023 | 42201002 | 35,010.00 |
| 17-02-2023 | 42201005 | 18,156 |
| 17-02-2023 | 42201005 | 8,443.00 |
| 24-02-2023 | 42201032 | 2,287.00 |
| 09-03-2023 | 42200797 | 79,263.00 |
| 07-03-2023 | 42201096 | 43,322.00 |
| 09-03-2023 | 42201097 | 29,334.00 |
| 31-03-2023 | 42201224 | 584.00 |
| ആകെ | | 13,18,304.00 |

പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന തെരുവ് വിളക്കുകളുടെ വിവരം ഉൾപ്പെടുത്തിയ ഓഡിറ്റിന് ലഭ്യമാക്കിയ രജിസ്റ്ററിൽ പൂർണ്ണമായ വിവരങ്ങൾ ചേർത്തിട്ടില്ല. ചേർത്തിട്ടുള്ളത് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

മീറ്റർ ഘടിപ്പിക്കാത്ത തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഈടാക്കാൻ ഉപയോഗിക്കുന്ന നിരക്കുകളുടെ അടിസ്ഥാനവും കെ എസ് ഇ ബിയിൽ നിന്നുള്ള താരിഫും ലഭ്യമാക്കിയില്ല.

സർക്കുലർ നമ്പർ ഡി.എ.1/17/2019/തസ്വഭവ തീ.21.02.2019 പ്രകാരം നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം, അവയിൽ പ്രവർത്തിക്കാത്തവ എന്നിവ സംബന്ധിച്ച് സംയുക്ത പരിശോധന നടത്തി KSEB വിവരം ശേഖരിക്കേണ്ടതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ/ഉദ്യോഗസ്ഥർ എന്നിവർ ആവശ്യപ്പെടുന്ന വിവരങ്ങൾ KSEB യഥാസമയം നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരം KSEB യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിനുള്ള രേഖകളും ഹാജരാക്കിയില്ല.ഇതുമായിബന്ധപ്പെട്ടഓഡിറ്റ് അന്വേഷണത്തിന്(22/04.11.23) മറുപടി ലഭ്യമാക്കിയുമില്ല. മേൽ അപാകങ്ങൾ പരിഹരിയ്ക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കേണ്ടതാണ്.വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

## 1-17 അതിഥിമന്ദിരം-ബൈലോ ലഭ്യമാക്കിയില്ല

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിൽ 3-ാം വാർഡിൽ പ്രവർത്തിക്കുന്ന അതിഥി മന്ദിരം വിവിധ ആവശ്യങ്ങൾക്ക് പൊതുജനങ്ങൾ ഉപയോഗപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 2022-23-ലെ വാർഷികണക്കിൽ 130400101 - Daily Rental From Local Body Properties എന്ന ശീർഷകത്തിലൂടെ 3,98,926 രൂപയുടെ വരുമാനം ലഭ്യമായിട്ടുണ്ട്. 50 പേരെ ഉൾക്കൊള്ളുന്ന ഒരു മീറ്റിംഗ് ഹാളും 20 പേർക്ക് ഉപയോഗിക്കാനാവുന്ന ഒരു ഡോർമെട്രിയും 5 മുറികളും അടങ്ങിയ അതിഥി മന്ദിരത്തിലെ മീറ്റിംഗ് ഹാളിന് 3000 രൂപയും ഡോർമെട്രിയ്ക്ക് ഒരു ബെഡിന് 100 രൂപയും മുറികളിൽ ഒന്നാം നമ്പർ മുറിയ്ക്ക് 700 രൂപയും 2 മുതൽ 5 വരെയുള്ള മുറികൾക്ക് 400 രൂപയും (18% ജി.എസ്.ടി ഉൾപ്പെടെ യഥാക്രമം 3540,118,826,472 എന്നിങ്ങനെ) ദിവസ വാടക ഈടാക്കി വരുന്നു. ഈടാക്കുന്ന തുക അടവാക്കുന്നതിന് അഥിതി മന്ദിരത്തിന്റെ കെയർ ടേക്കറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കെയർ ടേക്കറിനും സ്വീപ്പറിനും ശമ്പളയിനത്തിൽ താഴെപ്പറയും വിധം 3,10,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

| ഇനം | വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|---|
| Amount Payable To Other Creditors<br>Narration - Salary Of Tourist Complex Care Taker For 03/22- Mansoor<br>(Payee: Mansoor) | 42200015 | 04-04-2022 | 15,000.00 |
| Amount Payable To Other Creditors<br>Narration - Salary Of Tourist Complex Sweeper For 03/22<br>(Payee: Remya) | 42200016 | 05-04-2022 | 6,000.00 |
| Amount Payable To Other Creditors<br>Narration - Salary Of Tourist Complex Care Taker For 04/22- Mansoor<br>(Payee: Mansoor) | 42200096 | 06-05-2022 | 15,000.00 |
| Amount Payable To Other Creditors<br>Narration - Salary Of Tourist Complex Sweeper For 04/22<br>(Payee: Remya) | 42200097 | 06-05-2022 | 6,000.00 |

| | | | |
|---|---|---|---|
| Amount Payable To Other Creditors<br>Narration - Daily Wages Of Tourist Complex Care Taker For 05/22<br>(Payee: Mansoor) | 42200173 | 02-06-2022 | 15,000.00 |
| Amount Payable To Other Creditors<br>Narration - Daily Wages Of Tourist Complex Sweeper For 05/22<br>(Payee: Remya) | 42200174 | 02-06-2022 | 6,000.00 |
| Amount Payable To Other Creditors<br>Narration - Salary Of Tourist Complex Care Taker For 06/22<br>(Payee: Mansoor) | 42200280 | 05-07-2022 | 15,000.00 |
| Amount Payable To Other Creditors<br>Narration - Salary Of Tourist Complex Care Taker For 07/22<br>(Payee: Mansoor) | 42200375 | 02-08-2022 | 15,000.00 |
| Amount Payable To Other Creditors<br>Narration - Wages Of Tourist Complex Care Taker From 12/07/2022 To 31/07/2022<br>(Payee: Anoop. V.R) | 42200379 | 05-08-2022 | 10,000.00 |
| Amount Payable To Other Creditors<br>Narration - Wages Of Tourist | 42200474 | 01-09-2022 | 15,000.00 |

| | | | |
|---|---|---|---|
| Complex Care Taker For 08/22- Mansoor<br>(Payee: Mansoor) | | | |
| Amount Payable To Other Creditors<br>Narration - Wages Of Tourist Complex Care Taker For 08/22-Anoop<br>(Payee: Anoop) | 42200476 | 01-09-2022 | 15,000.00 |
| Amount Payable To Other Creditors<br>Narration - Wages Of Tourist Complex Care Taker For 09/22<br>(Payee: Mansoor) | 42200576 | 06-10-2022 | 15,000.00 |
| Amount Payable To Other Creditors<br>Narration - Wages Of Tourist Complex Care Taker For 09/22<br>(Payee: Anoop) | 42200582 | 07-10-2022 | 15,000.00 |
| Amount Payable To Other Creditors<br>Narration - Daily Wages Of Tourist Complex Care Taker For 10/22<br>(Payee: Mansoor) | 42200686 | 02-11-2022 | 15,000.00 |
| Amount Payable To Other Creditors<br>Narration - Daily Wages Of Tourist Complex Care Taker For 10/22- Anoop<br>(Payee: Anoop) | 42200688 | 02-11-2022 | 15,000.00 |

| | | | |
|---|---|---|---|
| Amount Payable To Other Creditors<br>Narration - Wages Of Tourist Complex Care Taker For 11/22<br>(Payee: Mansoor) | 42200773 | 02-12-2022 | 15,000.00 |
| Amount Payable To Other Creditors<br>Narration - Wages Of Tourist Complex Care Taker For 11/22<br>(Payee: Anoop) | 42200784 | 09-12-2022 | 15,000.00 |
| Amount Payable To Other Creditors<br>Narration - Wages Of Tourist Complex Care Taker For 12/22- Anoop<br>(Payee: Anoop) | 42200868 | 04-01-2023 | 15,000.00 |
| Amount Payable To Other Creditors<br>Narration - Wages Of Tourist Complex Care Taker For 12/22-Mansoor<br>(Payee: Mansoor) | 42200869 | 04-01-2023 | 15,000.00 |
| Amount Payable To Other Creditors<br>Narration - Wages Of Tourist Complex Care Taker For 01/23- Anoop<br>(Payee: Anoop) | 42200973 | 05-02-2023 | 14,000.00 |
| Amount Payable To Other Creditors<br>Narration - Daily Wages Of | 42200977 | 05-02-2023 | 15,000.00 |

| | | | |
|---|---|---|---|
| Tourist Complex Care Taker For 01/23- Mansoor (Payee: Mansoor) | | | |
| Amount Payable To Other Creditors Narration - Wages Of Tourist Complex Care Taker For The Month Of 02/23- Anoop (Payee: Anoop) | 42201076 | 02-03-2023 | 14,000.00 |
| Amount Payable To Other Creditors Narration - Wages Of Tourist Complex Care Taker For 02/23- Mansoor (Payee: Mansoor) | 42201085 | 04-03-2023 | 14,000.00 |
| | ആകെ | | 3,10,000 |

എതാണ്ട് വരവിന്റെ അത്ര തന്നെ തുക ചെലവഴിക്കപ്പെടുന്നുണ്ട്.

അംഗീകൃത ബൈലോ ഏർപ്പെടുത്തി വാടകയിനത്തിൽ വരവ് മെച്ചപ്പെടുത്തിയാൽ മാത്രമേ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയുകയുള്ളൂ. ഈക്കാര്യത്തിൽ സത്വര നടപടി സ്വീകരിച്ച് ബൈലോ അംഗീകാരം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.7/02.11.23)

## 1-18 സാമൂഹ്യ സുരക്ഷാ പെൻഷൻ- അപാകതകൾ

വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2022 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള മരണറിപ്പോർട്ട് രജിസ്റ്ററിലെ (സർട്ടിഫിക്കറ്റ് നമ്പർ 41/2022 തീ: 7.4.2022 മുതൽ 91/22 തീ 12.9.2022 വരെയുള്ള സട്ടിഫിക്കറ്റുകൾ) വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നമ്പർ / | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|

| | | | | | തീയതി | | വിവരം | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | കാലയളവ് | തുക | ആകെ | |
| 1 | ഹബീബ് | 107350201149 | വാർദ്ധക്യകാല പെൻഷൻ | 18.4.2022 | 48/2022 23.4.2022 | ആക്റ്റീവ് | 5/22 - 6/23 | 1600 | 22400 | 22400 |
| 2 | ആമിന | 107350200388 | വാർദ്ധക്യകാല പെൻഷൻ | 1.5.2022 | 58/2022 21.5.2022 | സസ്പെൻഡ് | 6/22 | 1600 | 1600 | 1600 |
| 3 | നാരായണൻ നായർ | 107350200866 | വാർദ്ധക്യകാല പെൻഷൻ | 9.3.2022 | 69/2022 21.6.2022 | ആക്റ്റീവ് | 4/22 - 8/22 | 1600 | 8000 | 8000 |
| 4 | ശാന്ത | 107350600150 | വിധവ പെൻഷൻ | 28.7.2022 | 86/2022 26.8.2022 | ആക്റ്റീവ് | 8/22 - 6/23 | 1600 | 17600 | 17600 |
| ആകെ അധികം നൽകിയ തുക | | | | | | | | | | 49600 |

2. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2022 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള മരണറിപ്പോർട്ട് രജിസ്റ്ററിലെ (സർട്ടിഫിക്കറ്റ് നമ്പർ 41/2022 തീ: 7.4.2022 മുതൽ 91/22 തീ: 12.9.2022 വരെയുള്ള സട്ടിഫിക്കറ്റുകൾ) വിവരങ്ങൾസേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ വള്ളത്തോൾ നഗർ പഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ട താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് മറ്റു പ്രാദേശിക സർക്കാർ/ക്ഷേമനിധി ബോർഡ് മുഖേന മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നമ്പർ / തീയതി | നിലവിലെ സ്റ്റാറ്റസ് | പ്രാദേശിക സർക്കാർ/ ക്ഷേമനിധി ബോർഡ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | | | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | കാലയളവ് | തുക | ആകെ | |
| 1 | അബ്ദുള്ള | 102050203072 | വാർദ്ധക്യകാല പെൻഷൻ | 21.4.2022 | 78/2022 22.7.2022 | സസ്പെൻഡ് | ഒറ്റപ്പാലം നഗരസഭ | 5/22 - 6/22 | 1600 | 3200 | 3200 |
| 2 | സൈതാലി | 2220281790 | ക്ഷേമനിധി ബോർഡ് പെൻഷൻ, കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | 25.5.2022 | 67/2022 9.6.2022 | ആക്റ്റീവ് | Agriculture Office,Vallathol Nagar | 7/22 - 6/23 | 1600 | 19200 | 19200 |
| 3 | ഗോപാലകൃഷ്ണൻ നായർ | 2220281747 | ക്ഷേമനിധി ബോർഡ് പെൻഷൻ, | 26.4.2022 | 59/2022 21.5.2022 | ആക്റ്റീവ് | Agriculture Office, Vallathol | 5/22 - 6/23 | 1600 | 22400 | 22400 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | | | | Nagar | | | | |
| | ആകെ അധികം നൽകിയ തുക | | | | | | | | | 44800 |

3. സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവരിൽ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിട്ടുള്ളവരുടെ വിവരങ്ങൾ പഞ്ചായത്ത് ഡയറക്ടറുടെ PAN/2566/2020-DBT1(DP) തീ: 4.3.2021. കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. പ്രസ്തുത കത്തിനോടൊപ്പമുള്ള ലിസ്റ്റിൽ വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിലെ താഴെ കൊടുത്തിരിക്കുന്ന വ്യക്തികൾ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയതായി അറിയിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പെൻഷൻ ഐഡി | പേര് | പെൻഷൻ വിതരണം തുടങ്ങിയ തീയതി |
|---|---|---|---|
| 1 | 107350100465 | Karthyayani | 01/08/2016 |
| 2 | 107350200124 | SEETHAMMA | 01/04/2010 |
| 3 | 107350201045 | Sarojini.K | 01/02/2014 |
| 4 | 107350201323 | Sainaba | 21/07/2016 |
| 5 | 107350601422 | VILASINI.K | 31/12/2015 |
| 6 | 107350201624 | Madhavan. U K | 04/08/2018 |

മേൽ കത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമല്ല.

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തതിനാൽ മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 19/ 4.11.2023) മറുപടി ലഭ്യമാക്കിയില്ല.

സർക്കാരിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്.)നം.97/2020/ധന ഉത്തരവ് ഖണ്ഡിക സി(12) പ്രകാരം മരണപെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി /ആശാ വർക്കർമാർ മുഖാന്തരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റ ബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും

ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 02.08.2021 ലെ സർക്കുലർ നം.63/2021/ധന. പ്രകാരം മേൽനിർദ്ദേശങ്ങൾ പരിഷ്കരിച്ച് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പ്രാദേശിക സർക്കാരിൽ അതത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്ത മാസം 10-ാം തീയതിക്ക് മുൻപ് അറിയിക്കേണ്ടതും, ആയത് പരിശോധിച്ച് അനർഹരായവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സമയബന്ധിതമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടതും എന്നാൽ, മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പററുന്നവരുമായവരുടെ വിവരം അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതാണ്. വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിൽ അനർഹമായി നൽകിയ മേൽ പരാമർശിച്ച 49600/- രൂപ തിരികെ അടവാക്കാനുള്ള നടപടി സ്വീകരിക്കുന്നതിനോടൊപ്പം 2022-23 വർഷം മരണപ്പെട്ടവരിൽ വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിൽ അനർഹമായി പെൻഷൻ നൽകുന്നുണ്ടോ എന്നുള്ള വിവരം പരിശോധിച്ച് അത്തരത്തിലുള്ള മുഴുവൻ തുകയും കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിലേക്ക് തിരികെ അടവാക്കാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്തിൽ അർഹരായ ഗുണഭോക്താക്കൾ മാത്രമാണ് ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇതു സംബന്ധിച്ചും ക്രമ നമ്പർ 3 ൽ പരാമർശിച്ച വ്യക്തികളിൽ നിന്നും അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിലേക്ക് അടവാക്കിയതിന്റെ വിവരവും ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 തെരുവു വിളക്ക് പരിപാലനത്തിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0256/23<br>സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് |
| അടങ്കൽ | 1,00,000/-(സി.എഫ്.സി )<br>100,200/-(വികസനഫണ്ട് ജനറൽ)<br>90,000/-(തനതുഫണ്ട്)<br>------------<br>2,90,200/- |
| ചെലവ് | 44,840/-(വൗച്ചർ നം-42201417/23.02.’23)<br>19800/-(വൗച്ചർ നം-42201163/21.03.’23)<br>1,56,647/-(വൗച്ചർ നം-42201462/28.03.’23) |

| | |
|---|---|
| | -------------<br>2,21,287/- |
| നിർവ്വഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |

പഞ്ചായത്തിലെ വിവിധവാർഡുകളിലെ സ്ട്രീറ്റ് ലൈറ്റുകളുടെ വാർഷിക അറ്റകുറ്റപ്പണി നടത്തുന്നതിനു വേണ്ടി ആവശ്യമുള്ള ബൾബ്, സിഎഫ്എൽ, എൽ ഇ ഡി തുടങ്ങിയ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും, വാർഷിക അറ്റകുറ്റപ്പണിയ്ക്ക് ആവശ്യമായ കൂലിചാർജ്ജു നല്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണിത്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) സ്ട്രീറ്റ് ലൈറ്റ് വാങ്ങുന്നതിനും കൂലിചാർജ്ജ് നല്കുന്നതിനും കൂടിയുള്ള പ്രോജക്ട് ആണെങ്കിലും കൂലിച്ചെലവിനത്തിൽ മാത്രമാണു ചെലവു കാണുന്നത്.

2) പഞ്ചായത്തിന്റെ അധീനതയിൽ എത്ര ഇലക്ട്രിക്പോസ്റ്റുകൾ ഉണ്ട് എന്നും, എത്ര പോസ്റ്റുകളിൽ സ്ട്രീറ്റ് ലൈറ്റുകൾ ഉണ്ട് എന്നും, ഏത് ഇനം ലൈറ്റ് ആണ് സ്ഥാപിച്ചിട്ടുള്ളത് എന്നും രേഖപ്പെടുത്തിയതിന്റെ രേഖകൾ/ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. 21.02.2019ലെ സർക്കുലർ നംഡി.എ1/17/2019/തസ്വഭവ പ്രകാരം കെഎസ്ഇബിയുമായി സംയുക്ത പരിശോധന നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ തെരുവു വിളക്കുകളുടെ എണ്ണം രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഹാജരാക്കിയ രജിസ്റ്ററിൽ ഇപ്രകാരം സംയുക്ത പരിശോധന നടത്തിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.കെ എസ് ഇ ബി യുമായി സംയുക്ത പരിശോധന നടത്തി ശേഖരിച്ച എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അല്ല നിലവിൽ ചെലവു നടത്തിയത്.

3) അറ്റകുറ്റപ്പണി നടത്തുന്നതിനു ആഴ്ചയിൽ മൂന്നു ദിവസങ്ങൾ തിരഞ്ഞെടുക്കുകയും ആ ദിവസങ്ങളിൽ കെ എസ് ഇ ബിയുമായി ചേർന്നു ലൈൻ ഓഫാക്കുന്നതിനു തീരുമാനം എടുക്കുകയും ചെയ്തിട്ടില്ല.

4) വാർഡ് തലത്തിൽ മെമ്പർ ചെയർമാനായി മോണിറ്ററിംഗ് സമിതി രൂപീകരിച്ച് ഓരോവാർഡിലേയ്ക്കും ആവശ്യമായ തെരുവു വിളക്കുകളുടെ എണ്ണം (9w എൽ.ഇ.ഡി ബൾബുകളുടെയും, 18w എൽ.ഇ.ഡി ബൾബുകളുടെയും) വിലയിരുത്തിയിട്ടില്ല.

5) അസിസ്റ്റന്റ് എഞ്ചിനീയർ കൺവീനറായുള്ള പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെയോ വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയോ പ്രോജക്റ്റ് രൂപീകരിയ്ക്കുന്നവേളയിൽ തെരുവു വിളക്കുകളുടെ ആവശ്യകതയും അറ്റകറ്റപ്പണിയുടെ ആവശ്യകതയും വിലയിരുത്തിയിട്ടില്ല.

6) തെരുവ് വിളക്കുകളുടെ മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിയ്ക്കുന്നില്ല. തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിയുടെ ഭാഗമായി കേടായ ബൾബുകൾ/ട്യൂബുകൾ എന്നിവയും മറ്റ് സാമഗ്രികളും തിരികെ പഞ്ചായത്തിലെത്തിച്ചു രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കുന്നില്ല.

മേൽ അപാകങ്ങൾക്കു മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം- 9/22 തീയതി-03.11.23) മേൽ സൂചിപ്പിച്ച അപാകങ്ങൾ പരിഹരിച്ച് തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടപ്പിലാക്കാൻ വരും വർഷങ്ങളിൽ ശ്രദ്ധിയ്ക്കേണ്ടതാണ്.

1-20 വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റി സ്ഥാപിയ്ക്കൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0173/23 |

| | |
|---|---|
| | വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ |
| അടങ്കൽ | 59,519(വികസനഫണ്ട്)<br>1,00,000/-(തനതു ഫണ്ട്) |
| ചെലവ് | 24500(42201360/29.12.'22)<br>43347(42201035/24.02.'23)<br>10212(42201465/28.03.'23)<br>-------<br>78059/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനായിഅസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ ചെറുതുരുത്തിയ്ക്ക് 78059/-നല്കിയിട്ടുണ്ട്. നിലവിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.കെ.എസ്.ഇ.ബി യുമായി കരാർ വച്ചിട്ടില്ല. പ്രവർത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും പൂർത്തീകരണ സാക്ഷ്യപത്രം ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-21 വിനിയോഗ സാക്ഷ്യപത്രം /പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളിൽ വിവിധ ഏജൻസികൾക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | വൗച്ചർ നമ്പർ | തീയതി | തുക | നിർവ്വഹണ ഏജൻസി |
|---|---|---|---|---|---|---|
| 1 | S0302/23 | കലാമണ്ഡലത്തിനു മുൻവശം ടേക്ക് എ ബ്രേക്ക് കറന്റ് കണക്ഷൻ | 42201424 | 15.03.23 | 81529/- | അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, ചെറുതുരുത്തി. |
| 2 | S0037/23 | ജലജീവൻ മിഷൻ | 42200216 | 16.06.22 | 6,00,000/- | എക്സിക്യൂട്ടീവ് എഞ്ചിനീയർ, പിഎച്ച് ഡിവിഷൻ, കേരള വാട്ടർ അതോറിട്ടി. |

| | | | | | | |
|---|---|---|---|---|---|---|
| 3 | S00171/23 | ജലജീവൻ മിഷൻ | 42201545 | 31.03.23 | 1,42,920/- | എക്സിക്യൂട്ടീവ് എഞ്ചിനീയർ, പിഎച്ച് ഡിവിഷൻ, കേരള വാട്ടർ അതോറിട്ടി. |
| 4 | S0139/23 | ഐ കെ എം വിഹിതം നല്കൽ | 42201280<br>42201426 | 22.08.22<br>15.03.23 | 71,172/-+<br>4183/-<br>----------<br>75355/- | എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരളാ മിഷൻ. |
| 5 | S0304/23 | പള്ളിയ്ക്കൽ-പന്നിയടി കുടിവെള്ളം പദ്ധതിയ്ക്ക് | 42201425 | 15.03.22 | 26452/- | അസിസ്റ്റന്റ് എഞ്ചിനീയർ, കെഎസ് ഇബി ഇലക്ട്രിക്കൽ സെക്ഷൻ, ചെറുതുരുത്തി |
| 6 | S0228/23 | സമേതം സമഗ്ര വിദ്യാഭ്യാസ പരിപാടി-തുക കൈമാറൽ | 42201496 | 29.03.23 | 98538/- | ഡെപ്യൂട്ടി ഡയറക്ടർ വിദ്യാഭ്യാസവകുപ്പ്, ജില്ലാപഞ്ചായത്ത്. |

മേൽ പ്രൊജക്ടുകളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

1-22 ബയോഗ്യാസ് പ്ലാന്റ് റിപ്പയറിംഗ് നടത്തിയെങ്കിലും നിലവിൽ പ്രവർത്തിയ്ക്കുന്നില്ല.

| | |
|---|---|
| പ്രോജക്റ്റ് നം | S0290/23 |
| അടങ്കൽ | 6,53,400/- |
| ചെലവ് | 4,53.474/-(വൗച്ചർ നം-42201164/21.03.23) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

മാലിന്യ സംസ്കരണത്തിലൂടെ പൊതു ശുചിത്വം വർദ്ധിപ്പിയ്ക്കുന്നതിനായി കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റ് നവീകരിയ്ക്കൽ പദ്ധതിയാണിത്.ഈ പദ്ധതിയിലൂടെ പഞ്ചായത്തിന്റെ മാർക്കറ്റിൽ സ്ഥാപിച്ചിട്ടുള്ള ബയോഗ്യാസ് പ്ലാന്റ് റിപ്പയർ ചെയ്ത് വൈദ്യുതി ഉല്പാദിപ്പിയ്ക്കുന്നതിനു ലക്ഷ്യമിട്ടിരുന്നു.6,47,820/-രൂപയ്ക്ക് ടെണ്ടർ സമർപ്പിച്ച ബയോടെക് റിന്യൂവബിൾ എനർജി പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും സ്ഥാപനം പ്രവൃത്തി പൂർത്തീകരിച്ചതിനെ തുടർന്നു ഓഡിറ്റ് വർഷം സ്ഥാപനത്തിനു പാർട്ട് ബിൽ ആയി 4,53, 474/-രൂപ സ്ഥാപനത്തിനു നല്കിയിട്ടുണ്ട്. പ്ലാന്റ് പ്രവർത്തന

യോഗ്യമായെങ്കിലും ഓപ്പറേറ്ററിനെ നിയമിയ്ക്കാത്തതിനാൽ നിലവിൽ പ്രവർത്തിയ്ക്കുന്നില്ല എന്ന സെക്രട്ടറി വാക്കാൽ അറിയിച്ചു.

നിലവിൽ പ്രസ്തുത പ്ലാന്റ് പ്രവർത്തന യോഗ്യമായി വൈദ്യുതി ഉല്പാദിപ്പിയ്ക്കുന്നുണ്ടോ, പ്ലാന്റിന്റെ പ്രവർത്തന മേൽനോട്ട ചുമതലയും പരിപാലന ചുമതലയും ആർക്കാണ് നല്കിയിരിയ്ക്കുന്നത് എന്നമുള്ള വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക(നമ്പർ-4/2.11.'23)6.11.'23ന ലഭ്യമാക്കിയ മറുപടിയിൽ മാർക്കറ്റിലെ മാലിന്യം നിറഞ്ഞമണ്ണ നീക്കം ചെയ്ത പേ ആന്റ് പാർക്ക് സജ്ജമാക്കുന്നതിനോടൊപ്പം ബയോഗ്യാസ് പ്ലാന്റും പ്രവർത്തനം ആരംഭിയ്ക്കാൻ സാധിയ്ക്കുന്നതാണെന്ന അറിയിച്ചിട്ടുണ്ട്. എത്രയും വേഗം പ്ലാന്റ് ഓപ്പറേറ്ററെ നിയമിച്ച പ്രവർത്തനയോഗ്യമാക്കാൻ നടപടി സ്വീകരിയ്ക്കേണ്ടതാണ്.

## 1-23 ജനകീയ ഹോട്ടലിലേയ്ക്ക് മേശയും കസേരയും വാങ്ങി നല്കൽ

| | |
|---|---|
| പ്രോജക്റ്റ് നം | S0166/23<br>ജനകീയ ഹോട്ടലിലേയ്ക്ക് മേശയും കസേരയും വാങ്ങി നല്കൽ |
| അടങ്കൽ | 127723മെയിന്റനൻസ് ഗ്രാന്റ് റോഡിതരം<br>2277 തനതുഫണ്ട്<br>---------------<br>1,30,000/- |
| ചെലവ് | 127,723/-(വൗച്ചർ നമ്പർ-42201302/12.10.22) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

മെറ്റൽ ഇൻസ്ട്രീസ് ലിമിറ്റഡ് ഷൊർണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും ജനകീയ ഹോട്ടലിലേക്ക് താഴെ പറയുന്ന സാധന സാമഗ്രികൾ വാങ്ങി നല്കിയിട്ടുണ്ട്.

| ക്രമ നം | വാങ്ങിയ സാധനങ്ങൾ | എണ്ണം/നിരക്ക് (18%GSTഉൾപ്പടെ) | തുക |
|---|---|---|---|
| 1 | ഗ്രാനൈറ്റ് ടോപ്പ് ഡൈനിംഗ് ടേബിൾ | 10@9770.4 | 97704/- |
| 2 | ആംലെസ്സ് ചെയർ പ്രീമിയം ക്വാളിറ്റി | 40@750.48 | 30019.20/- |
| | | ആകെ | 1,27,723.20/- |

മേൽ സൂചിപ്പിച്ച സാധനങ്ങൾ സ്റ്റോക്കിലെടുത്ത വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടനല്കിയ ഓഡിറ്റ് എൻക്വയറി (നം-8/22/തീയതി 2.11.2023) യ്ക്ക് മറുപടി ലഭിച്ചിട്ടില്ല. ഹോട്ടൽ നടത്തിപ്പ് പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ ഉൾപ്പെട്ടതല്ലാത്തതിനാലും കൈമാറിക്കിട്ടിയതല്ലാത്ത സ്ഥാപനത്തിന് റോഡിതര സംരക്ഷണ ഗ്രാന്റ് ചെലവഴിച്ചതിനാലും ചെലവു തുക 1,27,723/-തടസ്സപ്പെടുത്തുന്നു.

## 1-24 വാട്ടർ എ റ്റി എം-പരിപാലനം

| | |
|---|---|
| പ്രോജക്ട് നം | എസ്0031/22<br>വാട്ടർ എ റ്റി എം സ്ഥാപിയ്ക്കൽ |
| അടങ്കൽ | 4,00,000/- |
| ചെലവ് | 4,00,000/-(വൗച്ചർ<br>നം-42201440/17.03.23) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിപ്രകാരം വാങ്ങിയ 1 ലിറ്ററും, 5 ലിറ്ററും വീതം ശുദ്ധജലം ലഭിയ്ക്കാൻ ശേഷിയുള്ള വാട്ടർ എ.റ്റി.എം പഞ്ചായത്തിനടുത്തായി റോഡരികിൽ സ്ഥാപിച്ചിട്ടുണ്ട്. ആയതിന്റെ പ്രവർത്തന മേൽ നോട്ടച്ചുമതല ആർക്കാണ് എന്നും വാട്ടർ എ.റ്റി.എം ൽ നിന്നും ലഭിയ്ക്കുന്ന വരുമാനം എപ്രകാരം ആണ് തനതുഫണ്ടിൽ ഒടുക്കുന്നത് എന്നും പരിപാലനച്ചുമതല ആർക്കാണ് നല്കിയിട്ടുള്ളതെന്നും ആയത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടോ എന്നുമുള്ള വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ3/22/തീയതി-2.11.23) 6.11.23 ന ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്തിലെ എഫ്.ടി.എസ് നെ പരിപാലന ചുമതലയും വരവ് തുക നിശ്ചിതദിവസം തീരുമാനിച്ച കളക്ട്ചെയ്ത തനതുഫണ്ടിലേയ്ക്ക് ഒടുക്കുന്നതിനും ചുമതല ഏല്പിച്ചിട്ടുണ്ട് എന്നും മേൽനോട്ടച്ചുമതല ജൂനിയർ സൂപ്രണ്ടിനെ ഏല്പിച്ച എന്നും അറിയിച്ചിട്ടുണ്ട്. ജൂനിയർ സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ കൃത്യമായി തുക കളക്ട ചെയ്ത തനതുഫണ്ടിലൊടുക്കുന്നതോടൊപ്പം ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി ആവശ്യമായ മെയിന്റനൻസും പരിപാലനവും നടത്തേണ്ടതുമാണ്.

## 1-25 ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന വാങ്ങൽ

വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിലെ ആയുഷ് ഹോമിയോ ഡിസ്പെൻസറിക്ക് ആവശ്യമായ മരുന്നകൾ വാങ്ങുന്നതിന് ഹോംകോ യ്ക്ക് മുൻകൂർ തുക കൈമാറിയെങ്കിലും മുഴുവൻ മരുന്നകളും നാളിതു വരെ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ടിന്റെ പേരും നമ്പറും | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ (S0003/23) |
| നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | സെക്രട്ടറി |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) |
| ചെലവഴിച്ച തുക | 3,00,000/- |
| വൗച്ചർ നം./തീയതി | 42201278/1.09.'22 |
| പ്രൊഫോർമ ഇൻവോയ്സ് നം. | PF-179/28.08.2022 |
| ലഭിച്ച മരുന്നകളുടെ മൂല്യവും ടാക്സ് ഇൻവോയ്സ് നമ്പരും | 1,38,943/-(LF-16/06.05.2023)<br>83021/-(LF 541/14.07.2023) |
| ലഭിക്കാൻ ബാക്കിയുള്ള മരുന്നകളുടെ മൂല്യം | 78,036/- |

മരുന്നകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് മാനേജിംഗ് ഡയറക്ടർ, ഹോംകോയും നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി, വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് എന്നവരുമായുള്ള കരാർ പ്രകാരം (കരാർ നം.HCO/SA/66/2022 Dt.19/09/22) മരുന്നകൾ ലഭ്യമാക്കേണ്ട കാലപരിധി എന്നത് തുക നൽകി 9 മാസത്തിനുള്ളിലാണ്. ഹോംകോയ്ക്ക് തുക കൈമാറിയത് 19/09/22 നാണ് (യു.ടി.ആർ നം.RBI2622243297714). ആയത് പ്രകാരം 20.06.2023 നുള്ളിൽ മുഴുവൻ മരുന്നകളും ലഭിക്കേണ്ടതായിരുന്നു. എന്നാൽ നാളിതുവരെ മുഴുവൻ മരുന്നകളും ലഭിച്ചിട്ടില്ല. മരുന്നകൾ മുഴുവൻ ലഭ്യമാക്കുന്നതിനുള്ള സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ-11/22/തീയതി-3.11.'23).

## 1-26 കന്നുകുട്ടി പരിപാലനം വിനിയോഗ സാക്ഷ്യപത്രം

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0154<br>കന്നുകുട്ടി പരിപാലനം |

| | |
|---|---|
| അടങ്കൽ | 750,000/-(3,75,000-വികസനഫണ്ട്,<br>3,75,000/-ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 3,75,000/-വൗച്ചർ നം-42201429/15.03.23) |

വെറ്ററിനറി സർജൻ നടപ്പാക്കിയ മേൽ പ്രൊജക്ട് 154/23പ്രകാരം കന്നുകുട്ടി ഒന്നിന് 12,500/-രൂപ നിരക്കിൽ (സംസ്ഥാന വിഹിതം ഉൾപ്പെടെ) 30 കന്നുകുട്ടികൾക്കായി ₹3,75,000/- SLBP ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. പ്രൊജക്ട് പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-27 അങ്കണവാടി പോഷകാഹാര പരിപാടി -ജി എസ് റ്റി ടി.ഡി.എസ്. ഈടാക്കിയില്ല

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥനായ 19/23 അങ്കണവാടി പോഷകാഹാര പരിപാടി (ജനറൽ), 147/23 അങ്കണവാടി പോഷകാഹാര പരിപാടി (എസ്.സി.പി) എന്നീ പ്രോജക്ടുകളിൽ ജീവൻ പ്ലസ് അമൃതം ഫുഡ് സപ്ലിമെന്റ്, കടങ്ങോട് ഗ്രാമപഞ്ചായത്ത്, ഇയ്യാൽ എന്ന സ്ഥാപനത്തിൽ നിന്നു താഴെ പറയും പ്രകാരം 'അമൃതം ഫുഡ്', ‘ 2.5% CGSTയും, 2.5% SGSTയും നല്കി വാങ്ങിയിട്ടുള്ളതാണ്.

| ക്രമ നം | ഇൻവോയ്സ് നം. | തിയതി | തുക | CGST@ 2.5% | SGST @ 2.5% | വൗച്ചർ നം./തിയതി |
|---|---|---|---|---|---|---|
| 1 | 380 | 14.06.22 | 60527 | 1441 | 1441 | 42200613/ 21.10.22 |
| 2 | 388 | 12.07.22 | 46636 | 1110.37 | 1110.37 | |
| 3 | 399 | 16.08.22 | 48621 | 1158 | 1158 | |
| 4 | 408 | 26.09.22 | 50604.75 | 1204.87 | 1204.87 | 42201517/ 28.10.22 |
| 5 | 418 | 15.10.22 | 48620.25 | 1157.62 | 1157.62 | |
| 6 | 484 | 18.03.23 | 53581.50 | 1275.75 | 1275.75 | 42201188/ 27.03.23 |
| 7 | 473 | 20.02.23 | 52589.25 | 1252.12 | 1252.12 | |
| 8 | 452 | 16.10.22 | 49612 | 1181 | 1181 | 42201418/ 23.02.23 |
| 9 | 440 | 16.12.22 | 46635 | 1110.37 | 1110.37 | 42201486/ 16.02.23 |
| 10 | 428 | 18.11.22 | 45643 | 1086.75 | 1086.75 | |

CGST ആക്ട് 2017ലെ വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികമാകുന്ന സാധനങ്ങളുടെയോ സേവനങ്ങളുടേയോ രണ്ടിന്റേയോ കരാറുകാരുടെ ബില്ലിൽ നിന്നും 1% ടിഡിഎസ് പിടിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്ട് 2017ലെ വകുപ്പ് 51(1) സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികമാകുന്ന ബില്ലുകളിൽ നിന്നും CGST, SGSTഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ മേൽ പട്ടികപ്പെടുത്തിയ പ്രകാരം ജീവൻ പ്ലസ് അമൃതം ഫുഡ് സപ്ലിമെന്റ്, കടങ്ങോട് ഗ്രാമപഞ്ചായത്ത്, ഇയ്യാൽ എന്ന സ്ഥാപനത്തിൽ നിന്നും 'അമൃതം ഫുഡ്', ‘വാങ്ങിയപ്പോൾ CGST, SGST ഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കാതിരുന്നതിന്റെ കാരണം അറിയിക്കുന്നതിനാവശ്യപ്പെട്ടുകൊണ്ട് നല്കിയ 03.11.23ന് നല്കിയ 13-ാം നമ്പർ

ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി അറിയിച്ചിട്ടില്ലാത്തതാണ്. തുടർ വർഷങ്ങളിലെ ബില്ലുകളിൽ നിന്നും നിയമാനസൃതം ജി.എസ്.റ്റി ടി.ഡി.എസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-28 മരുന്ന വാങ്ങുന്നതിനായുള്ള പ്രോജക്റ്റുകളിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഴുവൻ മരുന്നും വിതരണം ചെയ്തിട്ടില്ല

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹണോദ്യോഗസ്ഥനായ മരുന്ന വാങ്ങുന്നതിനായുള്ള താഴെ പറയുന്ന പ്രോജക്റ്റുകളിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മുൻകൂർ നല്കിയിട്ടുള്ളതാണ്, എന്നാൽ പ്രൊഫോർമ ഇൻവോയ്സിൽ പരാമർശിച്ചിരിക്കുന്ന മരുന്നുകളിൽ നല്ലൊരു പങ്ക് മരുന്നുകളും കോർപ്പറേഷൻ നാളിതുവരെ വിതരണം ചെയ്തിട്ടില്ല. വിശദവിവരം താഴെ പറയുന്ന

| ക്രമ നം | പ്രോജക്റ്റിന്റെ പേരു വിവരം | പ്രൊവിഷണൽ ഇൻവോയ്സ് നം. | തുക | വൌച്ചർ നമ്പർ & തീയതി | വിതരണം ചെയ്ത മരുന്നിന്റെ മൂല്യം | ബാക്കി വിതരണം ചെയ്യാനുള്ള മരുന്നിന്റെ മൂല്യം |
|---|---|---|---|---|---|---|
| 1 | 5/23 പി.എച്ച്.സി.യിലേയ്ക്ക് മരുന്ന വാങ്ങൽ | PRF 5224 / 13.03.23 | 98,500 | 42201442/ 17.03.23 | 93793 | 4707 |
| 2 | 260/23 അതി ദാരിദ്ര്യനിർമ്മാജനം മരുന്ന് നൽകൽ | PRF 5130 / 09.03.23 | 1,00,000 | 42201436 / 19.03.23 | 73999 | 26,001 |
| | | PRF 5343 / 15.03.23 | 35,580 | 42201471/ 28.03.23 | 24505 | 11,075 |
| 3 | 7/23കിഡ്നി രോഗികൾക്ക് മരുന്ന് വാങ്ങൽ | PRF 3578 / 13.01.23 | 249949 | 42201423/ 13.03.23 | 197537 | 52412 |
| 4 | 6/23 പെയിൻ ആന്റ് പാലിയേറ്റീവ് | PRF 2628 / 29.11.22 | 200468 | 42201515/ 23.12.22 | 198124 | 2344 |

മരുന്നുകൾ വിതരണം ചെയ്യാത്തതിന്റെ കാരണം അറിയിക്കുന്നതിനാവശ്യപ്പെട്ടുകൊണ്ട് 03.11.23 നല്കിയ 14-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതാണ്. മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

1-29 പൊതുവിഭാഗത്തിലെ മെൻസ്ട്രുവൽ കപ്പ് - മെൻസ്ട്രുവൽ കപ്പ് മുഴുവനും വിതരണം ചെയ്തിട്ടില്ല

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹണോദ്യോഗസ്ഥനായ 232/23 പൊതുവിഭാഗത്തിലെ മെൻസ്ട്രുവൽ കപ്പ് എന്ന പ്രോജക്റ്റിൽ സൂര്യ ട്രെയ്ഡിംങ്ങ് കമ്പനി, VII/362E, നിയർ ലൈബ്രറി,അവിട്ടത്തൂർ, തൃശ്ശൂർ-680683 എന്ന സ്ഥാപനത്തിൽ

താഴെ പറയും പ്രകാരം മെൻസ്ട്ടവൽ കപ്പ് വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | ഇൻവോയ്സ് നം. &തിയതി | വൗച്ചർ നം | തുക | മെൻസ്ട്ടവൽ കപ്പിന്റെ എണ്ണം |
|---|---|---|---|---|
| 1 | 185/ 07.03.23 | 42201435/16.03.23 | 50,000 | 205 |
| 2 | 208/13.03.23 | 42201501/13.03.23 | 2,00,000 | 817 |
| ആകെ | | | | 1022 |

മേൽ പട്ടികപ്പെടുത്തിയ പ്രകാരം ആകെ 1022 എണ്ണം മെൻസ്ട്ടവൽ കപ്പ് വാങ്ങിയിട്ടുള്ളതാണ്. എന്നാൽ ആയതിന്റെ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ ആകെ 818 എണ്ണം മാത്രമേ വിതരണം നടത്തിയിട്ടുള്ളു. 204 എണ്ണം വിതരണം ചെയ്യാത്തിന്റെ കാരണം അറിയിക്കുന്നതിനാവശ്യപ്പെട്ടുകൊണ്ട് 03.11.23 നല്കിയ 14-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ലാത്താണ്. മറുപടിയുടെ അഭാവത്തിൽ 204 മെൻസ്ട്ടവൽ കപ്പിന്റെ വിലയായ ₹49,939 (244.80 X 204 = 49939) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനം - ചെലവുകണക്കുകൾ ഹാജരാക്കിയില്ല

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനത്തിനായ 2022-23 വർഷത്തിൽ ₹1,60,000/- (വാർഡൊന്നുക്ക് ₹10,000 വീതം) മെഡിക്കൽ ഓഫീസർ പി.എച്ച്.സിയ്ക്ക് വൗച്ചർ നം.22200190/31.05.22 പ്രകാരം തനതു ഫണ്ടിൽ നിന്നും മുൻകൂർ അനുവദിച്ചിരുന്നു. എന്നാൽ 4,5,9,10,15 എന്നീ വാർഡ് നമ്പരുകളിലെ ഇതു സംബന്ധിച്ച ചെലവുകളുടെ വിവരം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതാണ്. മെഡിക്കൽ ഓഫീസർ പി.എച്ച്.സി മേൽ വാർഡുകളിൽ ചെലവഴിച്ച തുകയ്ക്കുള്ള രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 03.11.23 ന് നല്കിയ 14-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതാണ്. ചെലവു രേഖകളുടെ അഭാവത്തിൽ അഞ്ച് വാർഡുകൾക്കായി നല്കിയ ₹50,000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-31 സാനിറ്ററി ടോയ്‌ലറ്റ് - ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ട് നം.188/23, സാനിറ്ററി ടോയ്‌ലറ്റ് പ്രകാരം ഒരു ഗുണഭോക്താവിന് ആകെ ₹9,240യാണ് നല്കുന്നത്, ആയതിൽ ₹5000 മുൻകൂറായും ബാക്കി തുക പണി പൂർത്തീകരിച്ച് മൂല്യനിർണ്ണയം നടത്തിയതിനുശേഷവും. പ്രോജക്ടിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ₹5,000/- വീതം (വൗച്ചർ നം.42201180/25.03.23) ഗുണഭോക്താക്കൾക്ക് അനുവദിച്ച നല്കിയിട്ടുള്ളതാണ്. പ്രോജക്ടിന്റെ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്നവർ ഒന്നാം ഗഡു കൈപ്പറ്റിയിട്ട്, നാളിതുവരെ ടോയ്‌ലറ്റ് നിർമ്മാണം പൂർത്തീകരിക്കുകയോ രണ്ടാം ഗഡു കൈപ്പറ്റുകയോ, ചെയ്തിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരു വിവരം | വിതരണ രജിസ്റ്ററിലെ ക്രമനമ്പർ |
|---|---|---|
| 1 | ഉണ്ണികൃഷ്ണൻ.പി.കെ. നമ്പുള്ളിപ്പടി, വെട്ടിക്കാട്ടിരി | 11 |
| 2 | സത്യഭാമW/o.ബാലകൃഷ്ണൻ, മല്ലയ്ക്കൽ, | 28 |

| | | |
|---|---|---|
| | പള്ളിക്കൽ | |
| 3 | കുഞ്ഞിമൊയ്തു.പി.എം.S/o.കുഞ്ഞഹമ്മദ് പുത്തൻപീടികയിൽ, തഴപ്ര | 34 |
| 4 | മുവിത W/o.റിജേഷ് പള്ളത്ത് ഹൗസ്, പള്ളം | 36 |
| 5 | സരസ്വതി W/o.ഉണ്ണികൃഷ്ണൻ കോന്നനാത്ത് വടക്കേതിൽ | 44 |

ഗുണഭോക്താക്കളുടെ ടോയ്‌ലറ്റ് നിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിനാവശ്യപ്പെട്ടുകൊണ്ട് നല്കിയ 04.11.23ലെ ഓഡിറ്റ് എൻക്വയറി നം.23ന് മറുപടി അറിയിച്ചിട്ടില്ലാത്തതാണ്. ഗുണഭോക്താക്കളുടെ ടോയ്‌ലറ്റ് നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നല്കേണ്ടതാണ്. ടോയ്‌ലറ്റ് നിർമ്മാണം പൂർത്തീകരിക്കുന്നതിന് തയ്യാറാവത്ത പക്ഷം ഒന്നാം ഗഡുവായി നല്കിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-32 പി.എം.എ.വൈ. വിഹിതം നല്കൽ (ജനറൽ) തുക കൈപ്പറ്റിയതിന്റെ രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ട് നം.41 പി.എം.എ.വൈ. വിഹിതം നല്കൽ (ജനറൽ) പ്രകാരം ₹1,40,000 (42201263/12.05.22) പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 799013100000331 നമ്പർ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുള്ളതാണ്. തുക കൈപ്പറ്റിയതിന്റെ രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്കായി ഹാജരാക്കുന്നതിനായി ആവശ്യപ്പെട്ടുകൊണ്ട് 04.11.23ന് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി അറിയിച്ചിട്ടില്ലാത്തതാണ്. തുക കൈപ്പറ്റിയതിന്റെ രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ നിർവ്വഹണോദ്യോഗസ്ഥനായ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും വാങ്ങി ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.

## 1-33 അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകൾ സംബന്ധിച്ച പൊതു അപാകതകൾ

1) അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളിലൊന്നും തന്നെ ടെണ്ടർ അംഗീകരിച്ച ഭരണ സമിതി തീരുമാനത്തിന്റെ പകർപ്പ്, ടെണ്ടർ കമ്പാരിസൺ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതാണ്.

2) അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ ഫയലുകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതാണ്.

| ക്രമ നം | പ്രോജക്ടിന്റെ പേരു വിവരം | വൗച്ചർ നം. | തിയതി | തുക |
|---|---|---|---|---|
| 1 | നം. 281/23 പാഞ്ഞാൾ മസ്ജിദ് റോഡ് | 22201116 | 20.02.23 | 4,33,533 |
| 2 | നം.93/23 നെടുമ്പുര റോഡ് പൂർത്തീകരണം | 22201213 | 08.03.23 | 1,09,895 |
| 3 | നം.105/23 റോഡ് കണക്ടിവിറ്റി | 22200389 | 25.07.22 | 15,000 |

| | | | | |
|---|---|---|---|---|
| | മാപ്പിംഗ് | 22200514 | 26.08.22 | 33,000 |
| 4 | നം.110/23 ചെറുതുരുത്തി ജിഎൽപിഎസ് സ്ട്രക്ച്ചറൽ ഡിസൈനിംഗ് | 42201310 | 21.10.22 | 53,100 |
| | ആകെ | | | 644528 |

പ്രോജക്ടുകളുടെ ഫയലുകൾ പരിശോധനയ്ക്കായി ഹാജരാക്കുന്നതിനായി ആവശ്യപ്പെട്ടുകൊണ്ട് നല്കിയ 03.11.23ലെ 16-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി അറിയിച്ചിട്ടില്ലാത്തതാണ്. രേഖകളുടെ അഭാവത്തിൽ മേൽ പ്രോജക്ടുകളിലായി ചെലവഴിച്ച ₹6,44,528 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-34 കുടിവെള്ള പദ്ധതികൾ - ഗുണഭോക്തൃസമിതിക്ക് കൈമാറിയതിന്റെ രേഖകൾ ഹാജരാക്കിയില്ല

ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്), തനത് ഫണ്ട് എന്നിവ വിനിയോഗിച്ചും കൊണ്ട് താഴെ പറയുന്ന നാല് കുടിവെള്ള പദ്ധതികളിൽ മോട്ടോർ ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെയുള്ള പ്രവൃത്തികൾ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2022-23 വർഷത്തിൽ പൂർത്തീച്ചിട്ടുള്ളതാണ്.

പതിനാലാം പഞ്ചവത്സര പദ്ധതി ഗ്രാമ,ബ്ലോക്ക്,ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 19.04.2022ലെസർക്കാർ ഉത്തരവ് (കൈ) നം.84/2022/തസ്വഭവ അദ്ധ്യായം-8ഖണ്ഡിക:8.1(25) പ്രകാരം കുടിവെള്ള പ്രോജക്ടുകളുടെ തുടർ നടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃ സമിതികളുടെ ചുമതലയാണെന്ന് പ്രോജക്ടിൽ വ്യവസ്ഥചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. താഴെ പറയുന്ന പ്രോജക്ടുകളുടെ നടത്തിപ്പും സംരക്ഷണ ചുമതലയും ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്ന കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കുന്നതിനാവശ്യപ്പെട്ടുകൊണ്ട് നല്കിയ 03.11.23ലെ 16-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതാണ്.

| ക്രമ നം | കുടിവെള്ള പദ്ധതി | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | തനത് ഫണ്ട് | ആകെ ചെലവ് |
|---|---|---|---|---|
| 1 | 16/23 പള്ളിക്കൽ കുടിവെള്ള പദ്ധതി നവീകരണം | 22201263/18.03.23 തുക:₹1,50,000 | 42201150/20.03.23 തുക:₹43,336 | 1,93,336 |
| 2 | 17/23 പുതുശ്ശേരി കുടിവെള്ള പദ്ധതി | 22201351/31.03.23 തുക:₹1,50,000 | 42201207/31..03.23 തുക:₹49,856 | 1,99,856 |
| 3 | 18/23 പന്നിയടി കുടിവെള്ള പദ്ധതി നവീകരണം | 22201264/20.03.23 തുക:₹1,50,000 | 42201149/20.03.23 തുക:₹42231 | 1,92,231 |

| | | | | |
|---|---|---|---|---|
| 4 | 20/23 താഴപ്ര നമ്പുള്ളിക്കുന്ന് കുടിവെള്ള പദ്ധതി | 22201347/31.03.23 തുക:₹1,50,000 | 42201208/31.03.23 തുക:₹46783 | 1,96,783 |

മേൽ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പും സംരക്ഷണ ചുമതലയും ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നതിന് സത്വര നടപടികൾ ഉണ്ടാകേണ്ടതാണ്.

## 1-35 ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികളുടെ പ്രവർത്തനം

ഗ്രാമപഞ്ചായത്തിന് കീഴിലുള്ള വള്ളത്തോൾ നഗർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിങ്ങ് കമ്മിറ്റികൾ) ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന തരത്തിൽ എച്ച്.എം.സി സ്ഥാപിതമായിട്ടുണ്ടോ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രവർത്തനം, വാർഷിക കണക്കുകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടോ എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനാവശ്യപ്പെട്ടുകൊണ്ട് നല്കിയ 15/03.11.23 നമ്പർ എൻക്വയറിയ്ക്ക് മറുപടി അറിയിച്ചിട്ടില്ലാത്തതാണ്.

ഈ ഓഫീസിലെ രേഖകൾ പരിശോധിച്ചതിൽ വള്ളത്തോൾ നഗർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിങ്ങ് കമ്മിറ്റികൾ) ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന തരത്തിൽ എച്ച്.എം.സി സ്ഥാപിച്ചതിന്റെ രേഖകളോ, എച്ച്.എം.സി.യുടെ വാർഷിക കണക്കുകൾ സംബന്ധിച്ച രേഖകളോ ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ലാത്തതാണ്. എച്ച്.എം.സി നിലവിൽ പ്രവർത്തനക്ഷമമാണെങ്കിൽ വാർഷിക കണക്കുകൾ താമസംവിനാ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 1-36 ഒരേ സ്പെസിഫിക്കേഷനിലുള്ള ഇലക്ട്രിക്ക് മോട്ടോറിന്റെ വില ഒബ്സർവ്ഡ് വാല്യൂആയി കണക്കാക്കിയപ്പോൾ വ്യത്യസ്ത നിരക്ക് നല്കി

താഴെ പറയുന്ന കുടിവെള്ള പദ്ധതി ഇലക്ട്രിഫിക്കേഷൻ പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കലും, പ്രവൃത്തിയുടെ മേൽനോട്ടവും, മൂല്യനിർണ്ണയം നടത്തി അളവുപുസ്തകത്തിൽ രേഖപ്പെടുത്തുന്ന നടപടികളും നടത്തിയിരിക്കുന്നത് ജില്ലാ പഞ്ചായത്ത് ഇലക്ട്രിക്കൽ ഡിവിഷനിൽ നിന്നുമാണ്. പ്രോജക്ടുകളിൽ പമ്പിങ്ങ് കിണറുകളിലേയ്ക്ക് മോട്ടോർ വാങ്ങിയിരിക്കുന്നതിന്റെ ഡാറ്റ അനാലിസിസിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേരു വിവരം | 16/23 പള്ളിക്കൽ കുടിവെള്ള പദ്ധതി നവീകരണം | 17/23 പുതുശ്ശേരി കുടിവെള്ള പദ്ധതി | 18/23 പന്നിയടി കുടിവെള്ള പദ്ധതി നവീകരണം | 20/23 താഴപ്ര നമ്പുള്ളിക്കുന്ന് കുടിവെള്ള പദ്ധതി |
|---|---|---|---|---|
| സാങ്കേതി കാനുമതി നമ്പർ | LSGD/CELSGD/ EST_TS/104616/ 2022_6_1_1 തിയതി:13-12.22 | LSGD/CELSGD/ EST_TS/104730/ 2022_6_1_1 തിയതി:13-12.22 | LSGD/CELSGD/ EST_TS/104784/ 2022_6_1_1 തിയതി:13-12.22 | LSGD/CELSGD/ EST/105015/ 2022_6_1_1 തിയതി:13-12.22 |
| സാങ്കേതി കാനുമതി തുക (₹) | 2 ലക്ഷം | 2 ലക്ഷം | 2 ലക്ഷം | 2 ലക്ഷം |
| ടെണ്ടർ അംഗീകരിച്ച | തിയതിയിലെ നമ്പർ തീരുമാനം | തിയതിയിലെ നമ്പർ തീരുമാനം | തിയതിയിലെ നമ്പർ തീരുമാനം | തിയതിയിലെ നമ്പർ തീരുമാനം |

| | | | | |
|---|---|---|---|---|
| ഭരണ സമിതി തീരുമാനം | | | | |
